27
2021
സെപ്റ്റംബർ
തിങ്കൾ
1197
കന്നി 11


NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 161 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-161 | പേജ് 4. വില 2.00 രൂപ




02 കേരളം ആഗോളതലത്തിൽ ആദ്യ ഇരുപതിലും ഏഷ്യയിൽ അഞ്ചാമതും
03 പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു
04 ഇനി ദന്ത ഡോക്ടറും അത്യാധുനിക ദന്ത ക്ലിനിക്കും വീട്ടിലെത്തും

# ഗുലാബ് ചുഴലിക്കാറ്റ്: കേരളത്തിൽ മഴ തുടരും



തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ഗുലാബ് ചുഴലിക്കാറ്റിൻറെ പ്രഭാവത്താൽ കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴ തുടരുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അടുത്ത 24 മണിക്കൂറിൽ 20 സെൻറീമീറ്റർ വരെയുള്ള അതിതീവ്ര മഴയ്ക്കാണു സാധ്യത.

ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ തിങ്കളാഴ്ച യെല്ലോ അലർട്ട് പ്രഖ്യാപിച്ചു. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചൊവ്വാഴ്ചയും യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.

തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിൽ രൂപംകൊണ്ട ഗുലാബ് ചുഴലിക്കാറ്റ് കര തൊട്ടു. ആന്ധ്രാപ്രദേശിലെ ഗോപാൽപൂരിനും കലിംഗപട്ടണത്തിനും ഇടയിലാണ് തീരംതൊട്ടത്. ഇന്ന് അർധ രാത്രിയോടെ ശക്തമായ ചുഴലിക്കാറ്റായി ആഞ്ഞടിക്കുമെന്നാണ് കാലാവസ്ഥ വിഭാഗം നൽകുന്ന മുന്നറിയിപ്പ്. പരമാവധി വേഗം മണിക്കൂറിൽ 95 കിലോമീറ്ററാകാനാണ് സാധ്യത.

ആന്ധ്രാപ്രദേശ്, പശ്ചിമ ബംഗാൾ, ഒഡീഷ സംസ്ഥാനങ്ങൾക്കാണ് ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. രക്ഷാപ്രവർത്തനത്തിനായി ഈ സംസ്ഥാനങ്ങളിൽ ദേശീയ ദുരന്തനിവാരണ സേനയെ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ആർമി, വ്യോമസേനകളെയും സജ്ജമാക്കിയിട്ടുണ്ട്.

ന്യൂനമർദത്തിൻറെ സ്വാധീനത്തിൽ കേരളത്തിൽ ചൊവ്വാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഈ മാസം 27 മുതൽ 28 വരെ കേരളാ തീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്. കേരള ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിമീ വരെ വേഗതയിൽ വീശിയടിച്ചേക്കാവുന്ന ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.



## ഹർത്താൽ: കെഎസ്ആർടിസി സാധാരണ സർവീസ് നടത്തില്ല

തിരുവനന്തപുരം: കേരളത്തിൽ ഹർത്താൽ പ്രഖ്യാപിച്ച സാഹചര്യത്തിൽ തിങ്കളാഴ്ച സാധാരണ ഗതിയിൽ സർവീസ് ഉണ്ടായിരിക്കില്ലെന്നു കെഎസ്ആർടിസി. അവശ്യ സർവീസുകൾ വേണ്ടിവന്നാൽ പോലീസ് നിർദേശപ്രകാരം മാത്രം സർവീസ് ഒരുക്കുമെന്നും കെഎസ്ആർടിസി സിഎംഡി അറിയിച്ചു.

ആശുപത്രി, റയിൽവേ സ്റ്റേഷൻ, വിമാനത്താവളം എന്നിവ കേന്ദ്രീകരിച്ചു പ്രധാന റൂട്ടിൽ പരിമിതമായ അവശ്യ സർവീസ് പോലീസ് അകമ്പടിയോടെ മാത്രം അയക്കും. വൈകുന്നേരം ആറിനു ശേഷം ദീർഘദൂര സർവീസുകളും സ്റ്റേ സർവീസുകളും അടക്കം ഓടിത്തുടങ്ങുമെന്നും സിഎംഡി വ്യക്തമാക്കി.

# വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവൃത്തികൾ നിരീക്ഷിക്കാൻ വർക്ക് കൗണ്ട്ഡൗൺ കലണ്ടർ തയ്യാറാക്കും: മന്ത്രി



വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിന് വർക്ക് കൗണ്ട്ഡൗൺ കലണ്ടർ തയ്യാറാക്കുമെന്ന് തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ അറിയിച്ചു. ഓരോ ആഴ്ചയിലെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു കമ്മിറ്റിയും രൂപീകരിക്കും. ആവശ്യമായ നടപടികൾ സ്വീകരിച്ച് കേരളത്തിന്റെ സ്വപ്ന പദ്ധതി വേഗത്തിൽ യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വിഴിഞ്ഞം തുറമുഖ ആസ്ഥാനത്ത് വിസിൽ ഓഫീസ് ഉടൻ പ്രവർത്തനം തുടങ്ങും.

പാറ ലഭ്യമാക്കുന്നതിൽ വന്ന കാലതാമസമാണ് ബ്രേക്ക് വാട്ടർ നിർമ്മാണം വൈകാൻ കാരണം. പാറയുടെ ലഭ്യത ഉറപ്പു വരുത്തുവാൻ എല്ലാ ശ്രമങ്ങളും നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ ആഴ്ച തമിഴ്നാട് തുറമുഖ മന്ത്രി ഇ.വി വേലുവുമായി ചെന്നൈയിൽ നേരിട്ട് ചർച്ച നടത്തിയിരുന്നു. എന്നാൽ സംസ്ഥാനത്തിന് പുറത്തു നിന്ന് കല്ലു കൊണ്ടുവരുന്നതിനുള്ള സാമ്പത്തിക പ്രശ്നങ്ങളും പരിഗണിക്കേണ്ടിവരും. ഇക്കാര്യങ്ങൾ പരിശോധിക്കുവാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി എം.ഡിയായി ഗോപാലകൃഷ്ണനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

## കോവിഡ് നഷ്ടപരിഹാരത്തുക വിതരണം വൈകാതെയെന്നു മുഖ്യമന്ത്രി

തിരുവനന്തപുരം: കോവിഡ് ബാധിച്ചു മരിച്ചവർക്കുള്ള നഷ്ടപരിഹാരത്തുകയുടെ വിതരണം വൈകാതെ തുടങ്ങുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ.

കേന്ദ്രം നിർദേശിച്ച തുകയാകും നൽകുക. കോവിഡിനു ശേഷം മരണമടഞ്ഞവരേയും കോവിഡ് മരണമായി കണക്കാക്കും. ഇവരുടെ കണക്കുകൾ നേരത്തെ തന്നെ ഓൺലൈനായി തയാറാക്കിയിട്ടുണ്ട്.

തുടർ നടപടികളും ഓൺലൈനായി നടത്തും. ഇനിയുള്ള പരാതികളും ആരോഗ്യ വകുപ്പ് പരിശോധിക്കുമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

## സ്കൂൾ തുറക്കൽ: ഗതാഗത വിദ്യാഭ്യാസ മന്ത്രിമാർ നാളെ ചർച്ച നടത്തും

തിരുവനന്തപുരം: സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട് നാളെ ഗതാഗത മന്ത്രി ആന്റണി രാജുവുമായി വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി ചർച്ച നടത്തും. കുട്ടികളെ കൊണ്ടു പോകുന്ന വാഹനം കുറ്റമറ്റതാക്കുമെന്നും സ്കൂൾ ബസുകളുടെ സാഹചര്യം കൃത്യമായി പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നും മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് സ്കൂൾ തല യോഗങ്ങൾ ചേരും. പിടിഎയ്ക്ക് ഫണ്ട് കുറവുള്ള സ്കൂളുകൾക്ക് സഹായം ആവശ്യമാണെന്നും എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

കെഎസ്ആർടിസി കുട്ടികളെ മാത്രം കൊണ്ട് പോകുന്ന തരത്തിൽ ക്രമീകരിക്കും. സ്കൂൾ തുറക്കലുമായി ബന്ധപ്പെട്ട് അധ്യാപക വിദ്യാർത്ഥി സംഘടനകളുമായി ചർച്ച നടത്തും. എല്ലാ യോഗങ്ങളും അടുത്ത ആഴ്ച കൊണ്ട് തന്നെ പൂർത്തിയാക്കും. നിലവിൽ തയാറാക്കിയ മാനദണ്ഡത്തിൽ എല്ലാവരും തൃപ്തരാണ്. സ്കൂൾ തുറന്നാലും വിക്ടേഴ്സ് ചാനലിലെ ക്ലാസുകൾ തുടരുമെന്നും മന്ത്രി വ്യക്തമാക്കി.

1700 ൽ അധികം പ്രൈമറി സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരുടെ കുറവുണ്ട്. ഇത് ഹൈക്കോടതിയിൽ കേസിൽ നിൽക്കുന്നതാണെന്നും വിധിക്കനുസരിച്ച് നിയമനം നടത്തുമെന്നും വി ശിവൻകുട്ടി പറഞ്ഞു.

## ബഹുനില കെട്ടിടത്തിന്റെ സ്ലാബ് വീണു രണ്ടു തൊഴിലാളികൾ മരിച്ചു

കോഴിക്കോട്: കോഴിക്കോട് നഗരത്തിൽ നിർമ്മാണത്തിലിരുന്ന കെട്ടിടത്തിന്റെ സ്ലാബ് തകർന്ന് വീണ് തമിഴ്നാട് സ്വദേശികളായ രണ്ടുപേർ മരിച്ചു. മൂന്നുപേർക്ക് പരിക്കേറ്റു. ഇതിൽ രണ്ടുപേരുടെ നില ഗുരുതരമാണ്. കാർത്തിക് (32), സലീം (28) എന്നിവരാണ് മരിച്ചത്. കാർത്തിക് സംഭവസ്ഥലത്തും സലീം ആശുപത്രിയിൽ വച്ചുമാണ് മരിച്ചത്.

അപകട സമയത്ത് സലീമും കാർത്തികുമടക്കം അഞ്ചുപേരാണ് ഉണ്ടായിരുന്നത്. ജീവാനന്ദ്, ഗണേഷ്, തങ്കരാജ് എന്നിവരാണ് പരിക്കേറ്റ് ആശുപത്രിയിലുള്ളത്. നഗരപരിധിയിലെ പൊറ്റമ്മലിൽ ഇന്നലെ രാവിലെ എട്ട് മണിയോടെയാണ് അപകടം.

പുതിയ സാങ്കേതിക വിദ്യയിൽ തിരുനെൽവേലിയിൽ നിന്നും നിർമ്മിച്ച് കൊണ്ടുവന്ന വലിയ കോൺക്രീറ്റ് സ്ലാബുകളും ബീമുകളും ക്രെയിൻ ഉപയോഗിച്ച് കെട്ടിടത്തിൽ സ്ഥാപിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്നവരാണ് അപകടത്തിൽ പെട്ടത്. ബഹുനില കെട്ടിടത്തിന്റെ കരാർ തമിഴ്നാട് കമ്പനിയാണ് ഏറ്റെടുത്ത് നടത്തുന്നത്.

സംഭവസ്ഥലത്തു മരിച്ച കാർത്തികിനെ അഗ്നിരക്ഷാ സേനയും പോലീസും ചേർന്ന് തകർന്ന സ്ലാബിനുള്ളിൽ നിന്നാണ് പുറത്തെടുത്തത്. പ്രമുഖ ബിസിനസ് ഗ്രൂപ്പായ കല്യാൺ സിൽക്സിന് വേണ്ടിയാണ് ബഹുനില കെട്ടിടം നിർമ്മിക്കുന്നതെന്നാണ് റിപ്പോർട്ട്. അപകടം നടന്ന സ്ഥലം കോഴിക്കോട് സിറ്റി ഡിസിപി സ്വപ്നിൽ മഹാജൻ സന്ദർശിച്ചു. അപകടത്തെക്കുറിച്ച് അന്വേഷണം നടത്തുമെന്ന് അദ്ദേഹം പറഞ്ഞു.

# സംസ്ഥാനത്ത് ഇന്ന് 15,951 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു; 165 മരണം

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 15,951 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 1,03,484 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി 15.41 ശതമാനം. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 165 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതോടെ ആകെ മരണം 24,603 ആയി.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 17,658 പേർ രോഗമുക്തി നേടി. എറണാകുളം 2572, തിരുവനന്തപുരം 1861, തൃശൂർ 1855, കോട്ടയം 1486, കോഴിക്കോട് 1379, മലപ്പുറം 1211, പാലക്കാട് 1008, ആലപ്പുഴ 985, കൊല്ലം 954, ഇടുക്കി 669, കണ്ണൂർ 646, പത്തനംതിട്ട 623, വയനാട് 502, കാസർഗോഡ് 200 എന്നിങ്ങനെയാണ് ജില്ലകളിൽ ഇന്ന് രോഗബാധ സ്ഥിരീകരിച്ചത്.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 70 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 15,191 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 617 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 73 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്. സംസ്ഥാനത്ത് 1,63,280 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 44,41,430 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,74,901 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 4,53,119 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 21,782 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1312 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 1,63,280 കോവിഡ് കേസുകളിൽ, 12.1 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള 422 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 841 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

# ജാതി സെൻസസ് നടത്തില്ല: കേന്ദ്രം സുപ്രീം കോടതിയിൽ

ന്യൂഡൽഹി: ജാതി അടിസ്ഥാനത്തിലുള്ള സെൻസസ് നടത്തില്ലെന്ന് കേന്ദ്ര സർക്കാർ. സെൻസസിൽ പിന്നാക്ക വിഭാഗക്കാർക്ക് പ്രത്യേക പ്രാതിനിധ്യം നൽകുന്നത് സാങ്കേതികമായ വെല്ലുവിളികൾ ഉണ്ടാക്കുന്നതായി കേന്ദ്ര സർക്കാർ സുപ്രീം കോടതിയെ അറിയിച്ചു.

കഴിഞ്ഞ പ്രാവശ്യത്തെ സാമൂഹിക സാന്പത്തിക ജാതി സെൻസസിൽ ധാരാളം തെറ്റായ വിവരങ്ങൾ ഉണ്ടായിരുന്നതായും കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറയുന്നു. 2011ലെ സാമൂഹിക സാന്പത്തിക ജാതി സെൻസസിൽ നിന്നും മറ്റു പിന്നോക്ക വിഭാഗങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള മഹാരാഷ്ട്ര സർക്കാരിൻറെ ഹർജിയെ തുടർന്നാണ് കേന്ദ്രം സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചത്. ഈ വർഷം നടക്കുന്ന സെൻസസിൽ പട്ടിക ജാതി, പട്ടിക വർഗക്കാർ ഒഴികെയുള്ള വിഭാഗക്കാരെ പരിഗണിക്കേണ്ടതില്ലെന്ന തീരുമാനം ജനുവരിയിൽ കേന്ദ്ര സാമൂഹിക ക്ഷേമ മന്ത്രാലയം എടുത്തിരുന്നു. രാജ്യത്തെ കുടുംബങ്ങളുടെ ജീവിത സാഹചര്യം വിലയിരുത്തുന്നതിന് വിവിധ സാമൂഹിക സാന്പത്തിക സൂചികകളാകും ഉപയോഗിക്കുക. അങ്ങനെ ലഭ്യമാകുന്ന വിവരങ്ങൾ ഉപയോഗിച്ചാവും കേന്ദ്രസർക്കാർ രൂപം നൽകുന്ന വിവിധ ദാരിദ്ര്യ നിർമാർജന പദ്ധതികളിലേക്കായി ആളുകളെ ഉൾപ്പെടുത്തുക. ബീഹാർ മുഖ്യമന്ത്രി നിതീഷ് കുമാറും സംഘവും ഇത്തവണത്തെ സെൻസസിൽ ജാതി തിരിച്ചുള്ള സെൻസസ് നടത്തണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചിരുന്നു.

# മയക്കുമരുന്നു വില്പനയ്ക്കെതിരെ ശക്തമായ നടപടിയുമായി പൊലീസ്

കോഴിക്കോട്: സംസ്ഥാനത്ത് മയക്കുമരുന്നു വില്പന സംഘങ്ങൾ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച സാഹചര്യത്തിൽ ശക്തമായ നടപടികളുമായി പൊലീസ്. അനധികൃതമായി ആളുകളെ താമസിപ്പിക്കുന്ന ലോഡ്ജുകളും ആളൊഴിഞ്ഞ വാടക കെട്ടിടങ്ങളും നിരീക്ഷിക്കാൻ പൊലീസിന് സംസ്ഥാന പൊലീസ് മേധാവി നിർദ്ദേശം നൽകി. മയക്കുമരുന്നിൽ തുടങ്ങി മറ്റ് അനാശാസ്യ പ്രവർത്തനങ്ങളിലേക്ക് എത്തുന്ന പ്രവണത സമീപകാലത്തായി വർധിച്ചുവരുന്നതായി പൊലീസ് നിരീക്ഷിക്കുന്നു.

ദിവസങ്ങൾക്കു മുമ്പ് കഞ്ചാവുമായി സ്ത്രീ ഉൾപ്പെടെയുള്ള സംഘം പിടിയിലായതും കഞ്ചാവു വാങ്ങാനെത്തിയയാൾ സ്ത്രീയെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചതോടെയായിരുന്നു. തുടർന്നുണ്ടായ വ്യക്തി വിരോധമാണ് വൻ കഞ്ചാവ് വേട്ടയിലേക്കു പൊലീസിനു വഴിതുറന്നത്. പ്രമുഖ ആശുപത്രികൾക്കു സമീപത്തെ ലോഡ്ജുകളിൽ ഉൾപ്പെടെ യാതൊരു വിധ രജിസ്റ്ററുകളും സൂക്ഷിക്കാറില്ലെന്നും തിരിച്ചറിയൽ കാർഡുപോലും വാങ്ങിക്കാതെയാണ് മുറികൾ നൽകുന്നതെന്നും പൊലീസ് കണ്ടെത്തിയിട്ടുണ്ട്. കോവിഡ് വ്യാപനത്തെ തുടർന്ന് ഇപ്പോൾ കുടുംബസമേതം ലോഡ്ജുകളിലും ഹോട്ടലുകളിലും ആളുകൾ താമസിക്കാൻ എത്തുന്നത് കുറവാണ്. ഇതും മാഫിയകളുടെ പ്രവർത്തനത്തിനു സഹായകരമായിട്ടുണ്ട്. ഇതിനെതുടർന്ന് ലോഡ്ജുകളിൽ മാർഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനാണ് തീരുമാനം.

കൊല്ലം സ്വദേശിയെ ക്രൂരബലാത്സംഗത്തിനിരയാക്കിയ കോഴിക്കോട് ചേവായൂരിലെ ലോഡ്ജ് കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിലാണ് കൂടുതൽ നടപടികളിലേക്കു പൊലീസ് കടക്കുന്നത്. കോഴിക്കോട് മാത്രം ഒരുമാസത്തിനിടെ ലോഡ്ജുകളും വാടക വീടുകളും കേന്ദ്രീകരിച്ച് ആറു വലിയ പീഡന കേസുകളാണ് പുറത്തുവന്നത്. കഴിഞ്ഞ ദിവസം സംസ്ഥാനത്തെ ലോഡ്ജുകൾ, ഷോപ്പിങ് മാളുകൾ, ആളൊഴിഞ്ഞ കെട്ടിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പൊലീസ് റെയ്ഡ് നടത്തിയിരുന്നു. ബോംബ് സ്ക്വാഡിന്റേയും ഡോഗ് സ്ക്വാഡിന്റേയും സഹായത്തോടെയായിരുന്നു പരിശോധന.

# സുധീരന് എല്ലാ അവസരവും നൽകി, ഒന്നും വിനിയോഗിച്ചില്ല: കെ. സുധാകരൻ



തിരുവനന്തപുരം: രാഷ്ട്രീയ കാര്യ സമിതിയിൽനിന്ന് രാജിവെച്ച മുതിർന്ന നേതാവ് വി.എം. സുധീരൻറെ തീരുമാനത്തെ വിമർശിച്ച് കെപിസിസി അധ്യക്ഷൻ കെ. സുധാകരൻ. സുധീരന് അഭിപ്രായം പറയാൻ ഏറെ അവസരം നൽകിയതാണ്. എന്നാൽ അദ്ദേഹം അതൊന്നും വിനിയോഗിച്ചില്ല. സുധീരന് തെറ്റിദ്ധാരണയുണ്ടെങ്കിൽ ഇനിയും തിരുത്താൻ തയാറാണെന്നും സുധാകരൻ പറഞ്ഞു.

അതേസമയം, കെപിസിസി നേതൃത്വത്തിൻറെ അനുനയനീക്കങ്ങൾക്ക് പിടികൊടുക്കാതെ തുടരുകയാണ് സുധീരൻ. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നേരിട്ടെത്തി കൂടിക്കാഴ്ച നടത്തിയെങ്കിലും സുധീരൻ വഴങ്ങിയില്ലെന്നാണ് റിപ്പോർട്ട്.

രാഷ്ട്രീയകാര്യസമിതിയിൽ നിന്നുള്ള രാജി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടാണ് സതീശൻ സുധീരൻറെ വീട്ടിലെത്തിയത്. എന്നാൽ നേതൃത്വത്തോടുള്ള തൻറെ അതൃപ്തി സുധീരൻ കൂടിക്കാഴ്ചയിൽ പ്രതിപക്ഷ നേതാവിനോട് അറിയിച്ചു.

രാജിയിൽനിന്നും സുധീരൻ പിന്മാറില്ലെന്ന സൂചനയാണ് കൂടിക്കാഴ്ചയ്ക്കു ശേഷം സതീശൻ മാധ്യമങ്ങളോട് പങ്കുവച്ചത്. നിലപാടുകളിൽ ഉറച്ചുനിൽക്കുന്നയാളാണ് സുധീരൻ. രാജി പിൻവലിപ്പിക്കാൻ താൻ ആളല്ലെന്ന് സതീശൻ പറഞ്ഞു. നേതൃത്വത്തിന് ചില വീഴ്ചകളുണ്ടായി. തൻറെ പിഴവുകൾക്ക് ക്ഷമചോദിച്ചെന്നും സതീശൻ പറഞ്ഞു.

സുധീരനുമായി കേരളത്തിൻറെ ചുമതലയുള്ള എഐസിസി ജനറൽ സെക്രട്ടറി താരീഖ് അൻവറും കൂടിക്കാഴ്ച നടത്തിയേക്കും. സുധീരനെ കാണുമെന്നും പ്രശ്നങ്ങൾ പരിഹരിക്കുമെന്നും താരീഖ് അൻവർ ശനിയാഴ്ച കൊച്ചിയിൽ പറഞ്ഞിരുന്നു. ഹൈക്കമാൻഡ് ഇടപെടലിനെ തുടർന്നാണ് അനുനയനീക്കം നടക്കുന്നത്.

## അതിവേഗ റയിൽപാതയ്ക്കായി സ്ഥലം വിട്ടു നൽകുന്നവർക്ക് മികച്ച നഷ്ടപരിഹാരം ഉറപ്പാക്കും: മന്ത്രി

മലപ്പുറം: അതിവേഗ റയിൽ പാതയ്ക്കായി സ്ഥലം വിട്ടു നൽകുന്നവർക്ക് മികച്ച നഷ്ടപരിഹാരം ഉറപ്പാക്കുമെന്ന് മന്ത്രി വി അബ്ദുറഹിമാൻ. പ്രസ് ക്ലബിന്റെ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാത കടന്നുപോകുന്ന സ്ഥലങ്ങളിൽ സാമൂഹ്യാഘാത പഠനം നടത്തും. വീടുകളും കെട്ടിടങ്ങളും മാറ്റി സ്ഥാപിക്കാനാവുന്നതിന്റെ സാധ്യത ഉപയോഗപ്പെടുത്തും. ജനങ്ങളെ വിശ്വാസത്തിലെടുത്ത് മാത്രമേ പദ്ധതി നടപ്പാക്കൂ. വരാൻ പോകുന്ന കാലത്തിന്റെ സാധ്യതകൾക്കനുസരിച്ച് മാറാൻ ശ്രമിച്ചില്ലെങ്കിൽ വികസന രംഗത്ത് പിന്തള്ളപ്പെടും.

# കേരളം ആഗോളതലത്തിൽ ആദ്യ ഇരുപതിലും ഏഷ്യയിൽ അഞ്ചാമതും

തിരുവനന്തപുരം: കൊവിഡ് പ്രതിസന്ധിക്കിടയിലും സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് രംഗം മികച്ച നേട്ടം കൈവരിക്കുന്നതിൻറെ തെളിവായി ആഗോള സ്റ്റാർട്ടപ്പ് അന്തരീക്ഷ റിപ്പോർട്ടിൽ (ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇകോസിസ്റ്റം റിപ്പോർട്ട്) കേരളം ഇടം നേടി. മികച്ച സാങ്കേതികപരിജ്ഞാനമുള്ള പ്രതിഭകളെ ലഭ്യമാകുന്ന വിഭാഗത്തിൽ ഏഷ്യയിൽ അഞ്ചാം സ്ഥാനവും ആഗോളതലത്തിൽ ആദ്യ 20 സ്ഥാനങ്ങൾക്കുള്ളിലുമാണ് കേരളത്തിൻറെ സ്ഥാനം.

സ്റ്റാർട്ടപ്പ് ജീനോം, ഗ്ലോബൽ ഒൺട്രപ്രണർഷിപ്പ് നെറ്റ് വർക്ക് എന്നിവ സംയുക്തമായാണ് ജിഎസ്ഇആർ തയ്യാറാക്കുന്നത്. ലണ്ടൻ ടെക് വീക്കിൻറെ പശ്ചാത്തലത്തിലായിരുന്നു റിപ്പോർട്ട് പരസ്യപ്പെടുത്തിയത്.

280 സ്റ്റാർട്ടപ്പ് സംരംഭഅന്തരീക്ഷവും 30 ലക്ഷത്തിലേറെ സ്റ്റാർട്ടപ്പുകളെയും ഗവേഷണം ചെയ്ത് തയ്യാറാക്കുന്ന ഏറ്റവും ആധികാരികമായ റിപ്പോർട്ടാണിത്. പ്രവർത്തനമികവ്, നിക്ഷേപം, വാണിജ്യബന്ധങ്ങൾ, വിപണി ശേഷി, വിഭവ ആകർഷണം, പരിചയസമ്പന്നത, പ്രതിഭ എന്നിവയാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിലെ മാനദണ്ഡം. വിശദമായ പഠനത്തിന് ശേഷം 140 റാങ്കുകളാണ് റിപ്പോർട്ടിൽ പ്രസിദ്ധപ്പെടുത്തുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷൻറെ പ്രവർത്തനമികവ് ആഗോളതലത്തിൽ എത്തിക്കുന്നതിന് സ്റ്റാർട്ടപ്പ് ജീനോമുമായി കെഎസ് യുഎം വളരെയടുത്ത് പ്രവർത്തിച്ചിട്ടുണ്ട്. ജിഎസ്ഇആർ 2021 ലെ കേരളത്തിൻറെ മികവിന് നാല് മാനദണ്ഡങ്ങളാണ് അടിസ്ഥാനമാക്കിയത്. സാങ്കേതികപരിജ്ഞാനമുള്ള മികച്ച പ്രതിഭകളെ ജോലിക്ക് ലഭിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ഒന്നാമത്തേത്. കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ 4.3 കോടി അമേരിക്കൻ ഡോളർ മൂല്യമുള്ള സ്റ്റാർട്ടപ്പ് അന്തരീക്ഷം ഉണ്ടാക്കാൻ സാധിച്ചു. അതിൽ തന്നെ പ്രാരംഭ നിക്ഷേപമായി 46 ലക്ഷം ഡോളറിൻറെ നിക്ഷേപം ലഭിച്ചു. സ്റ്റാർട്ടപ്പുകളുടെ ശൈശവദശയിൽ സർക്കാർ നൽകുന്ന ആകർഷണീയമായ ഇളവുകൾ മറ്റിടങ്ങളിൽ നിന്ന് സ്റ്റാർട്ടപ്പുകളെ സംസ്ഥാനത്തേക്കെത്തിക്കാൻ സഹായിച്ചു. റോബോട്ടിക്സ്, നിർമ്മിതബുദ്ധി, ബിഗ്ഡാറ്റ, അനലിറ്റിക്സ് എന്നീ മേഖലകളെ ഉയർത്തിക്കാട്ടാനും കേരളത്തിന് സാധിച്ചു. ഈ നാല് ഘടകങ്ങളാണ് കേരളത്തിന് ഗുണകരമായത്. സ്റ്റാർട്ടപ്പ് അന്തരീക്ഷത്തിലെ എല്ലാ പങ്കാളികളുമായി കേരളത്തിന് മികച്ച ബന്ധമാണുള്ളതെന്ന് കെഎസ് യുഎം സിഇഒ ജോൺ എം തോമസ് പറഞ്ഞു.. മികച്ച സാക്ഷരത, നൈപുണ്യമുള്ള മനുഷ്യവിഭവശേഷി, സംരംഭക അന്തരീക്ഷം, പിന്തുണയുള്ള സർക്കാർ എന്നിവ കേരളത്തെ സ്റ്റാർട്ടപ്പുകളുടെ ആഗോള വേദിയാക്കി മാറ്റുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. ആഗോളവേദിയിൽ ചടുലവും മികവുറ്റതുമായ പ്രകടനമാണ് സംസ്ഥാനം കാഴ്ചവച്ചത്. അഭിമാനകരമായ ഈ മുഹൂർത്തം ഉപയോഗിച്ച് കൂടുതൽ ഇൻകുബേഷൻ പരിപാടികൾ നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു.

ആധുനിക വിജ്ഞാനമേഖലയിലെ പ്രധാനപ്പെട്ട ഘടകങ്ങളായ സ്റ്റാർട്ടപ്പ് സംരംഭത്തെക്കുറിച്ച് പഠിക്കുന്ന സർവകലാശാലയെന്ന നിലയിൽ കേരളത്തിൻറെ ഈ നേട്ടം ഏറെ പ്രധാനപ്പെട്ടതാണെന്ന് സംസ്ഥാന ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസിലർ ഡോ. സജിഗോപിനാഥ് പറഞ്ഞു. ഡിജിറ്റൽ സർവകലാശാലയ്ക്ക് കീഴിലുള്ള മേക്കർവില്ലേജ് എന്ന ഹാർഡ് വെയർ ഇൻകുബേറ്റർ വിവിധ തലത്തിലുള്ള സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുകയാണ്. സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് അന്തരീക്ഷ മെച്ചപ്പെടുത്താൻ ഡിജിറ്റൽ സർവകലാശാല സുപ്രധാന പങ്ക് വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. ആഗോള ശൃംഖലയെന്ന നിലയിൽ നയമപരമായ നടപടികളിലൂടെ സാമ്പത്തികമായി ഉണ്ടാകുന്ന പ്രതികരണങ്ങളെ അപഗ്രഥിക്കുന്നതിനുള്ളതാണെന്ന് സ്റ്റാർട്ടപ്പ് ജീനോമിൻറെ സ്ഥാപകനും സിഇഒയുമായ ജെ എഫ് ഗൗത്തിയാർ പറഞ്ഞു.

# വരുമാന സ്രോതസുകളുടെ വർധന ലക്ഷ്യം മന്ത്രി കെ. എൻ. ബാലഗോപാൽ

കോവിഡ് പശ്ചാത്തലത്തിൽ തകർന്ന സാമ്പത്തിക മേഖലയുടെ തിരിച്ചു വരവിനായി തൊഴിൽ സാധ്യകൾ ഉറപ്പാക്കുന്ന വരുമാന സ്രോതസുകളെ പിന്തുണയ്ക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. വെളിയം സഹകരണ ബാങ്ക് ഓഡിറ്റോറിയത്തിൽ കുടുംബശ്രീ എസ്. ഡി. എസ്സുകൾക്കുള്ള റിവോൾവിംഗ് ഫണ്ട് ജില്ലാതല വിതരണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പുതിയ തലങ്ങളിലേക്കുള്ള വളർച്ചാഘട്ടത്തിലാണ് കുടുംബശ്രീ. ചിട്ടയുള്ള സാമ്പത്തിക ഇടപാടാണ് മുഖ്യ സവിശേഷത.

ഏതു മേഖലയിലും വിനിയോഗിക്കാവുന്ന തൊഴിൽ കരുത്തും പ്രസ്ഥാനത്തിനുണ്ട്. ജനകീയ ഹോട്ടൽ മുതൽ വിമാനത്താവള നടത്തിപ്പ് വരെ സാധ്യമാക്കിയ കൂട്ടായ്മയ്ക്ക് മികച്ച പ്രവർത്തനം തുടരെ നടത്തുന്നതിനായാണ് കൂടുതൽ ഫണ്ട് നൽകുന്നത്. പലിശ കുറഞ്ഞ വായ്പ നൽകിയും പിന്തുണയ്ക്കുകയാണ്. പരമാവധി തൊഴിൽ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിക്കേണ്ട സാഹചര്യമാണ് ഇന്നുള്ളതെന്നും അദ്ദേഹം പറഞ്ഞു.

വെളിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. ബിനോജിന്റ അധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ മുഖ്യതിഥിയായി. വെളിയം ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷൻ കെ. സോമശേഖരൻ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ വി. ആർ. അജു, അസിസ്റ്റന്റ് കോർഡിനേറ്റർ ജി. അരുൺ കുമാർ, വെളിയം സി. ഡി. എസ്. ചെയർപേഴ്സൻ ജയന്തി മധു തുടങ്ങിയവർ പങ്കെടുത്തു.

# സ്വാതന്ത്ര്യത്തിന്റെ 75 വർഷം ശുചിത്വമാലിന്യ സംസ്കരണത്തിനായി പരിപാടികൾ ജില്ലാ കലക്ടർ

രാജ്യം സ്വാതന്ത്ര്യം നേടിയതിന്റെ 75 വർഷം ആഘോഷിക്കുന്നതിന്റെ ഭാഗമായി 2022 ഓഗസ്റ്റ് വരെ നീളുന്ന വ്യത്യസ്ത ശുചിത്വമാലിന്യ സംസ്കരണ പരിപാടികൾ ജില്ലയൊട്ടാകെ നടപ്പിലാക്കുമെന്ന് ജില്ലാ കലക്ടർ അഫ്സാന പർവീൺ. മേയർ പ്രസന്ന ഏണസ്റ്റ് ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപന ഭാരവാഹികളുമായി ചർച്ച നടത്തി പരിപാടികൾക്ക് തുടക്കം കുറിക്കുകയായിരുന്നു കലക്ടർ.

പൊതുഇടങ്ങൾ, നീർത്തടങ്ങൾ, ജലാശയങ്ങൾ, ഓടകൾ എന്നിവയുടെ ശുചീകരണത്തിന് ജനപങ്കാളിത്തവും ഉറപ്പാക്കും. വിദ്യാലയങ്ങളുടെ ശുചീകരണത്തിന് മുഖ്യപരിഗണന നൽകും. ഉറവിട മാലിന്യ സംസ്കരണം നടത്തി പ്രാണിജന്യ രോഗങ്ങൾ നിയന്ത്രിക്കാനാകും.

ഗാർഹികസ്ഥാപനകമ്യൂണിറ്റി തലങ്ങളിൽ മാലിന്യ സംസ്കരണ ഉപാധികളുടെ ആവശ്യകത സർവെ നടത്തി കണക്കാക്കും. ഹരിത കർമ സേനയുടെ പ്രവർത്തനം വ്യാപിപ്പിച്ച് അജൈവ പാഴ് വസ്തുക്കൾ ശേഖരിച്ച് സംസ്കരിക്കും. ടേക്ക് എ ബ്രേക്ക് പദ്ധതിയും അനുബന്ധമായി വിപുലീകരിക്കും. ഗാന്ധിജയന്തി ദിനത്തിൽ സ്വച്ഛ് ഭാരത് മിഷന്റെ വാർഷികാഘോഷം നടത്തും. അതേ ദിവസം എല്ലാ സർക്കാർ സ്ഥാപനങ്ങളും ശുചീകരിക്കും. ഹരിത ഓഫീസുകളുടെ തത്സതിഥി പരിശോധിക്കും. ഒ. ഡി. എഫ് പ്ലസ് പ്രഖ്യാപനവും തദ്ദേശ സ്ഥാപനങ്ങളിൽ ഇതോടൊപ്പം നടത്തും.

തദ്ദേശ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മികച്ച ശുചീകരണ തൊഴിലാളികളെ ആദരിക്കും. ഇവർക്ക് യൂണിഫോം, തൊപ്പി എന്നിവ നൽകും. ശുചിത്വ പാലനത്തിന് പിന്തുണ നൽകുന്ന പാഴ് വസ്തു വ്യാപാരികൾ, ഹരിത സഹായ സ്ഥാപനങ്ങൾ, ഹരിത കർമ സേനാ ഗ്രൂപ്പുകൾ/അംഗങ്ങൾ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവരേയും ആദരിക്കും എന്നും കലക്ടർ വ്യക്തമാക്കി. ഹരിത കേരളംശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി തുടങ്ങിയവയുടെ പ്രതിനിധികൾ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ, വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# മയക്കുമരുന്നു വില്പനയ്ക്കെതിരെ ശക്തമായ നടപടിയുമായി പൊലീസ്

കോഴിക്കോട്: സംസ്ഥാനത്ത് മയക്കുമരുന്നു വില്പന സംഘങ്ങൾ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ച സാഹചര്യത്തിൽ ശക്തമായ നടപടികളുമായി പൊലീസ്. അനധികൃതമായി ആളുകളെ താമസിപ്പിക്കുന്ന ലോഡ്ജുകളും ആളൊഴിഞ്ഞ വാടക കെട്ടിടങ്ങളും നിരീക്ഷിക്കാൻ പൊലീസിന് സംസ്ഥാന പൊലീസ് മേധാവി നിർദ്ദേശം നൽകി. മയക്കുമരുന്നിൽ തുടങ്ങി മറ്റ് അനാശാസ്യ പ്രവർത്തനങ്ങളിലേക്ക് എത്തുന്ന പ്രവണത സമീപകാലത്തായി വർധിച്ചുവരുന്നതായി പൊലീസ് നിരീക്ഷിക്കുന്നു. ദിവസങ്ങൾക്കു മുമ്പ് കഞ്ചാവുമായി സ്ത്രീ ഉൾപ്പെടെയുള്ള സംഘം പിടിയിലായതും കഞ്ചാവു വാങ്ങാനെത്തിയയാൾ സ്ത്രീയെ ലൈംഗികമായി പീഡിപ്പിക്കാൻ ശ്രമിച്ചതോടെയായിരുന്നു. തുടർന്നുണ്ടായ വ്യക്തി വിരോധമാണ് വൻ കഞ്ചാവ് വേട്ടയിലേക്കു പൊലീസിനു വഴിതുറന്നത്. പ്രമുഖ ആശുപത്രികൾക്കു സമീപത്തെ ലോഡ്ജുകളിൽ ഉൾപ്പെടെ യാതൊരുവിധ രജിസ്റ്ററുകളും സൂക്ഷിക്കാറില്ലെന്നും തിരിച്ചറിയൽ കാർഡുപോലും വാങ്ങിക്കാതെയാണ് മുറികൾ നൽകുന്നതെന്നും പൊലീസ് കണ്ടെത്തിയിട്ടുണ്ട്. കോവിഡ് വ്യാപനത്തെ തുടർന്ന് ഇപ്പോൾ കുടുംബസമേതം ലോഡ്ജുകളിലും ഹോട്ടലുകളിലും ആളുകൾ താമസിക്കാൻ എത്തുന്നത് കുറവാണ്. ഇതും മാഫിയകളുടെ പ്രവർത്തനത്തിനു സഹായകരമായിട്ടുണ്ട്. ഇതിനെതുടർന്ന് ലോഡ്ജുകളിൽ മാർഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാനാണ് തീരുമാനം. കൊല്ലം സ്വദേശിയെ ക്രൂരബലാത്സംഗത്തിനിരയാക്കിയ കോഴിക്കോട് ചേവായൂരിലെ ലോഡ്ജ് കേന്ദ്രീകരിച്ചു നടത്തിയ അന്വേഷണത്തിലാണ് കൂടുതൽ നടപടികളിലേക്കു പൊലീസ് കടക്കുന്നത്. കോഴിക്കോട് മാത്രം ഒരുമാസത്തിനിടെ ലോഡ്ജുകളും വാടക വീടുകളും കേന്ദ്രീകരിച്ച് ആറു വലിയ പീഡന കേസുകളാണ് പുറത്തുവന്നത്. കഴിഞ്ഞ ദിവസം സംസ്ഥാനത്തെ ലോഡ്ജുകൾ, ഷോപ്പിങ് മാളുകൾ, ആളൊഴിഞ്ഞ കെട്ടിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പൊലീസ് റെയ്ഡ് നടത്തിയിരുന്നു. ബോംബ് സ്ക്വാഡിന്റേയും ഡോഗ് സ്ക്വാഡിന്റേയും സഹായത്തോടെയായിരുന്നു പരിശോധന.

# വ്യാപനനിരക്ക് കുറയുന്നു

## കോവിഡ് വന്നവർക്ക് വീണ്ടും രോഗബാധ ആറുമടങ്ങ് കുറവെന്ന് കണക്കുകൾ പുതിയ കേസുകളിലും അഞ്ച് ശതമാനം ഇടിവ്

തിരുവനന്തപുരം: സംസ്ഥാനത്ത് പുതുതായി കോവിഡ് ബാധിക്കുന്നതും ഒരു തവണ വന്നവരിൽ രോഗബാധ വീണ്ടും ഉണ്ടാകുന്നതും കുറയുന്നതായി കണക്കുകൾ.

വീണ്ടും രോഗബാധ ഉണ്ടാകുന്ന കേസുകളുടെ എണ്ണം കഴിഞ്ഞവർഷം ഈ വർഷത്തേക്കാൾ ആറ് മടങ്ങായിരുന്നു. പത്തനംതിട്ട, മലപ്പുറം, കാസർകോട് ജില്ലകളിലാണ് റീ ഇൻഫെക്ഷൻ കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്നത്. മറ്റുള്ളവരെ അപേക്ഷിച്ച് ചെറുപ്പക്കാർക്കിടയിലാണ് രോഗബാധ വീണ്ടും കൂടുതലായി ഉണ്ടാകുന്നത്.

പുതുതായി രോഗബാധിതരാകുന്നവരുടെ എണ്ണത്തിലും കുറവുണ്ടാകുന്നതായാണ് കണക്കുകൾ. പുതുതായി രേഖപ്പെടുത്തിയ കേസുകളിലെ വളർച്ചാനിരക്ക് മുൻ ആഴ്ചയെ അപേക്ഷിച്ച് അഞ്ച് ശതമാനം കുറഞ്ഞു. തൊട്ടു മുൻപുള്ള ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ ചികിത്സയിലുള്ളവരുടെ എണ്ണത്തിൽ എട്ട് ശതമാനം കുറവു വന്നിട്ടുണ്ട്. സെപ്റ്റംബർ 18 മുതൽ 24 വരെയുള്ള കാലയളവിൽ, ശരാശരി ആക്ടീവ് കേസുകൾ 1,70,669 ആയിരുന്നു. ഈ കാലയളവിൽ പുതിയ കേസുകളുടെ എണ്ണത്തിൽ ഏകദേശം 7,000 കേസുകളുടെ കുറവുണ്ടായിട്ടുണ്ട്.

സജീവ രോഗികളുടെ എണ്ണം, ആശുപത്രികൾ, ഫീൽഡ് ആശുപത്രികൾ, ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ സപ്പോർട്ട് എന്നിവയിൽ പ്രവേശിച്ചവരുടെ എണ്ണം കഴിഞ്ഞ ആഴ്ചയെ അപേക്ഷിച്ച് യഥാക്രമം 16 ശതമാനം, ഏഴ് , 21 , മൂന്ന് , ആറ് ശതമാനം എന്നിങ്ങനെ കുറഞ്ഞു. നിലവിൽ സംസ്ഥാനത്തെ ആർ ഫാക്റ്റർ 0.94 ആണ്. ആർ ഫാക്ടർ ഒന്നിലും കുറയുമ്പോൾ രോഗം കുറഞ്ഞു വരുന്നു എന്നതിന്റെ സൂചനയാണ്.

ഏറ്റവും ഉയർന്ന ആർ ഫാക്ടർ കോട്ടയം ജില്ലയിലാണ്. 1.06 ആണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. എറണാകുളം, ഇടുക്കി ജില്ലകളിലും ആർ ഫാക്ടർ ഒന്നിനു മുകളിലാണ്. വയനാട് ജില്ലയിലാണ് ഏറ്റവും കുറവ്. 0.72 ആണ് അവിടത്തെ ആർ ഫാക്ടർ.

# ഹോട്ടലുകളിൽ ഇരുന്ന് ഭക്ഷണം കഴിക്കാൻ അനുമതി; ഇൻഡോർ സ്റ്റേഡിയങ്ങളും നീന്തൽകുളങ്ങളും തുറക്കും

കോവിഡ് നിയന്ത്രണങ്ങളിൽ കൂടുതൽ ഇളവുകൾ നൽകാൻ തീരുമാനിച്ചു. ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ബാറുകളിലും ഇരുന്ന് ഭക്ഷണം കഴിക്കാൻ അനുവദിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ആഹാരം കഴിക്കാനെത്തുന്നവരും ഹോട്ടൽ തൊഴിലാളികളും രണ്ടു ഡോസ് വാക്സിൻ സ്വീകരിച്ചിരിക്കണം. 18 വയസിൽ താഴെയുള്ളവർക്ക് വാക്സിൻ നിബന്ധന ബാധകമല്ല. സീറ്റിംഗ് കപ്പാസിറ്റിയുടെ 50 ശതമാനം മാത്രമേ അനുവദിക്കൂ. എ.സി സംവിധാനങ്ങൾ ഉപയോഗിക്കാതെ ജനലുകളും വാതിലുകളും പരമാവധി തുറന്നിടാനുള്ള സൗകര്യം ഏർപ്പെടുത്തണം.

ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽ കുളങ്ങൾ എന്നിവയുടെ പ്രവർത്തനവും രണ്ടു ഡോസ് വാക്സിനേഷൻ സ്വീകരിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി, രണ്ടു ഡോസ് വാക്സിനേഷൻ സ്വീകരിച്ച ആളുകൾക്ക് അനുവദിക്കും. വാക്സിനേഷൻ നിബന്ധന 18 വയസ്സിന് താഴെയുള്ളവർക്ക് ബാധകമല്ല. കോവിഡ് പ്രോട്ടോകോൾ പാലിച്ചു കൊണ്ടായിരിക്കണം പ്രവർത്തനം.

സ്കൂളുകളും കോളേജുകളും ഏതാനും ആഴ്ചകൾക്കുള്ളിൽ തുറക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾക്ക് പുറമേ സംസ്ഥാന പോലീസ് മേധാവിക്കും നിർദ്ദേശം നൽകി. എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാരും തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിലെ പ്രഥമാധ്യാപകരുടെയും സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുടെയും യോഗം വിളിച്ച് കുട്ടികളുടെ സുരക്ഷയും ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യും. കുട്ടികളെ കൊണ്ടുവരുന്ന സ്കൂൾ വാഹനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തേണ്ടതിന്റെ ഉത്തരവാദിത്തം പോലീസിന് ആയിരിക്കും. ഇക്കാര്യത്തിൽ മോട്ടോർവാഹന വകുപ്പിന്റെ സഹായവും ഉണ്ടാകും. സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ഒക്ടോബർ 20 ന് മുമ്പ് പൂർത്തിയാക്കണം.

കുട്ടികളെ കൊണ്ടുവരുന്ന സ്കൂൾ വാഹനങ്ങളും സ്വകാര്യവാഹനങ്ങളും ഓടിക്കുന്നവർക്ക് പത്തുവർഷത്തെ പ്രവർത്തന പരിചയം ഉണ്ടാകണം. എല്ലാ വിദ്യാലയങ്ങളിലും ഒരു അധ്യാപകനെ സ്കൂൾ സേഫ്റ്റി ഓഫീസറായി നിയോഗിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ സ്കൂളിലെത്തി പരിശോധിക്കണമെന്നും നിർദ്ദേശം നൽകി.

അധ്യാപക രക്ഷാകർതൃ സമിതിയോടൊപ്പം തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസ വകുപ്പുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ ആരോഗ്യപ്രവർത്തകരെയും പങ്കെടുപ്പിച്ച് സൂക്ഷ്മതല ആസൂത്രണം സ്കൂൾ തുറക്കുന്നതിനു മുമ്പ് നടത്തും. കുട്ടികളിൽ കൊവിഡ് വരാനുള്ള സാധ്യത താരതമ്യേന കുറവാണ്. എങ്കിലും കുറച്ച് കുട്ടികൾക്കെങ്കിലും കോവിഡ് വന്നേക്കാം.

ഇത് മുൻകൂട്ടി കണ്ടുള്ള പ്രവർത്തനങ്ങൾ നടത്തണം. അതുകൊണ്ടാണ് ഇതുമായി ബന്ധപ്പെട്ട എല്ലാവരും വാക്സിൻ എടുക്കണമെന്ന് പറയുന്നത്. സ്കൂൾ പിടിഎകൾ അതിവേഗത്തിൽ പുന:സംഘടിപ്പിക്കണം. അടച്ചിട്ട മുറികളിലും ഹാളുകളിലും പലയിടത്തും യോഗം നടക്കുന്നുണ്ട്. അത് ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

# കടൽപായൽ കൃഷിയെ പ്രോത്സാഹിപ്പിക്കും

കൊച്ചി: ഏറെ വരുമാന സാധ്യതയുള്ള കടൽപായൽ കൃഷി അടിസ്ഥാനമാക്കിയുള്ള സുസ്ഥിര സമ്പദ്വ്യവസ്ഥ (സീവീഡ് ഇക്കോണമി) വികസിപ്പിക്കാൻ പദ്ധതി ഒരുങ്ങുന്നു.

സാധ്യമായ ഇടങ്ങളിലെല്ലാം വൻതോതിൽ കടൽപായൽ കൃഷി ചെയ്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വരുമാനം വർധിപ്പിക്കാനും ഇതുവഴി രാജ്യത്തിന്റെ സാമ്പത്തിക വളർച്ച കൂട്ടാനുമാണ് പദ്ധതി ലക്ഷ്യമിടുന്നതെന്ന് ഫിഷറീസ് സെക്രട്ടറി ജതീന്ദ്രനാഥ് സ്വൈൻ പറഞ്ഞു.

കാലാവസ്ഥാവ്യതിയാനം ഉയർത്തുന്ന ഭീഷണി രൂക്ഷമാകുന്ന സാഹചര്യത്തിൽ ഇതിന്റെ പ്രത്യാഘാതം ചെറുക്കാൻ പ്രകൃതിദത്ത പരിഹാരമാർഗമായി കരുതപ്പെടുന്ന കടൽപായൽ കൃഷി ഒരേ സമയം പ്രകൃതിക്കും സാമ്പത്തിക വളർച്ചയ്ക്കും ഗുണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു.

കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. കടൽപായൽ കൃഷി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികവരുമാനത്തിനുള്ള വഴിയാണ്.

ഈ മേഖല ശക്തിപ്പെടുത്തുന്നതിലൂടെ, മഹാമാരിയും കാലാവസ്ഥാവ്യതിയാനത്തെ തുടർന്നുള്ള പ്രശ്നങ്ങളും മൂലം പ്രതിസന്ധിയിലായ ഇവരുടെ സാമൂഹികസാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സെക്രട്ടറിയായി ചുമതലയേറ്റ ശേഷമുള്ള കേരള സന്ദർശനത്തിന്റെ ഭാഗമായി സിഎംഎഫ്ആർഐയിലെത്തിയ ജതീന്ദ്രനാഥ് സ്വൈൻ പറഞ്ഞു.

സിഎംഎഫ്ആർഐയുടെ വിവിധ സംസ്ഥാനങ്ങളിലെ പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരും പരിപാടിയിൽ പങ്കെടുത്തു.

ഫിഷറീസ് ജോയിന്റ് സെക്രട്ടറി ഡോ ജെ ബാലാജി, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ എന്നിവരും സംസാരിച്ചു.

# കോടികളുടെ തട്ടിപ്പ്; പ്രവാസി വ്യവസായി അറസ്റ്റിൽ

കൊച്ചി: പത്തുകോടി രൂപയുടെ തട്ടിപ്പ് കേസിൽ പ്രവാസി വ്യവസായി അറസ്റ്റിൽ. ചേർത്തല സ്വദേശിയും പ്രവാസി മലയാളി ഫെഡറേഷൻ രക്ഷാധികാരിയും രാജ്യാന്തര വ്യവസായിയുമായ മോൺസൺ മാവുങ്കലാണ് പിടിയിലായത്.

പത്തുകോടി വിലമതിക്കുന്ന പുരാവസ്തുക്കൾ കയ്യിലുണ്ടെന്ന് അവകാശപ്പെട്ട് കോടികൾ തട്ടിയ കേസിലാണ് മോൺസൺ മാവുങ്കലിനെ തൃപ്പൂണിത്തുറ ക്രൈം ബ്രാഞ്ച് അറസ്റ്റ് ചെയ്തത്. അഞ്ചു പേരിൽ നിന്ന് 10 കോടി രൂപയാണ് തട്ടിയെടുത്തത്. സംസ്ഥാനത്തെ നിരവധി പ്രമുഖരുമായി ബന്ധമുള്ളയാളാണ് മോൺസൻ മാവുങ്കൽ. ഇയാളുടെ എറണാകുളം കലൂരിലെ വീട്ടിൽ ക്രൈംബ്രാഞ്ച് റെയ്ഡ് നടത്തി.

2,62,000 കോടി രൂപ തന്റെ ബാങ്ക് അക്കൗണ്ടിലെത്തിയിട്ടുണ്ടെന്നും അത് തിരിച്ചെടുക്കുന്നതിന് കുറച്ച് പണത്തിന്റെ ആവശ്യമുണ്ടെന്നുമാണ് ഇയാൾ പറഞ്ഞിരുന്നത്. അതിനുവേണ്ടി സഹായം ചെയ്തു നൽകിയാൽ ബിസിനസ് സംരംഭങ്ങൾക്ക് താൻ പലിശ രഹിതവായ്പ നൽകാമെന്ന വാഗ്ദാനം നൽകിയാണ് മോൺസൻ തട്ടിപ്പ് നടത്തിയത്. ചേർത്തലയിലുള്ള വീട്ടിൽവച്ചാണ് ഇയാളെ അറസ്റ്റ് ചെയ്തത്. കൊച്ചി കേന്ദ്രീകരിച്ച് പുരാവസ്തു കേന്ദ്രം നടത്തുകയായിരുന്നു ഇയാൾ. പുരാവസ്തു കേന്ദ്രത്തിലുള്ള പല വസ്തുക്കളും അതി പുരാതനവും കോടിക്കണക്കിന് രൂപ വിലവരുന്നതും ആണെന്നാണ് ഇയാൾ പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ഇതിൽ പലതിലും തട്ടിപ്പുണ്ടെന്നാണ് ആരോപണം. പ്രതിയെ കോടതിയിൽ ഹാജരാക്കി.

## ഇസർവേയിൽ സെക്യൂരിറ്റി ഓഡിറ്റ്

എസി.ടി വകുപ്പിന്റെ സോഷ്യോഇക്കണോമിക് ഇസർവെയുടെ സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിന് എംപാനൽ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്ന് 28ന് വൈകിട്ട് മൂന്നിനകം പ്രൊപ്പോസൽ ക്ഷണിച്ചു. വിശദവിവരങ്ങൾ: 04712304594, 9895096525.

## വിദ്യാപോഷിണി

പരിസ്ഥിതി കാലാവസ്ഥാവ്യതിയാന ഡയറക്ട്രേറ്റിന്റെ വിദ്യാപോഷിണി ഫെലോഷിപ്പിന് ഒക്ടോബർ 6നകം അപേക്ഷിക്കാം. വിശദവിവരങ്ങൾ www.env-t.k-er-a-l-a.gov.in ൽ ലഭിക്കും. ഫോൺ: 0471 2326264.

# വൈക്കത്ത് ആളൊഴിഞ്ഞ പറമ്പിൽ യുവാവും യുവതിയും തൂങ്ങിമരിച്ച നിലയിൽ

വൈക്കം: കുലശേഖരമംഗലം വാഴേകാട് യുവാവിനെയും യുവതിയെയും തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കുലശേഖരമംഗലം ഒറ്റാഞ്ഞിലിത്തറ കലാധരന്റെ മകൻ അമർജിത് (23), സമീപവാസി വടക്കേ ബ്ലായിത്തറ കൃഷ്ണകുമാറിന്റെ മകൾ കൃഷ്ണപ്രിയ (21) എന്നിവരെയാണ് വീടിനു സമീപത്തെ ആളൊഴിഞ്ഞ പറമ്പിലെ മരത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഒരേ മരത്തിൽ ഏകദേശം ഒരു മീറ്റർ അകലത്തിലായിരുന്നു ഇരുവരും തൂങ്ങി നിന്നിരുന്നത്. ശനിയാഴ്ച രാത്രി വീട്ടിലുണ്ടായിരുന്ന ഇവരെ ഇന്നലെ പുലർച്ചെ കാണാതായതോടെ വീട്ടുകാർ അന്വേഷണം നടത്തുന്നതിനിടെയാണ് മൃതദേഹം കണ്ടെത്തിയത്. ഇവർക്കിടയിൽ പ്രണയം ഉണ്ടായിരുന്നോ എന്നറിയില്ലെന്നാണ് ഇരുവരുടെയും ബന്ധുക്കൾ പൊലീസിന് മൊഴി നൽകിയത്. സംഭവത്തിൽ നിലവിൽ ദുരൂഹത ഇല്ലെന്നും വിശദമായ അന്വേഷണം നടത്തുമെന്നും സിഐ എസ് ഷിഹാബുദ്ദീൻ പറഞ്ഞു. ഫോറൻസിക് വിദഗ്ധർ സ്ഥലത്തെത്തി തെളിവുകൾ ശേഖരിച്ചിട്ടുണ്ട്. അമർജിത് ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് കഴിഞ്ഞു ജോലിക്കായി കാത്തിരിക്കുകയായിരുന്നു. അമർജിത്തിന്റെ മാതാവ് എത്സമ്മ. സഹോദരി വിഷ്ണുപ്രിയ. കൃഷ്ണപ്രിയ എയർ ഹോസ്റ്റസ് വിദ്യാർത്ഥിനിയാണ്. മാതാവ് സിന്ധു. സഹോദരി കാവ്യ. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനുശേഷം കൃഷ്ണപ്രിയയുടെ സംസ്കാരം നടത്തി. അമർജിത്തിന്റെ സംസ്കാരം ഇന്നു നടക്കും.




കുടുംബശ്രീ എസ്. ഡി. എസ്സുകൾക്കുള്ള റിവോൾവിംഗ് ഫണ്ട് ജില്ലാതല വിതരണോദ്ഘാടനം മന്ത്രി കെ. എൻ. ബാലഗോപാൽ നിർവഹിക്കുന്നു

# ആരോഗ്യരംഗത്തെ സമഗ്ര വികസനം ലക്ഷ്യം: മന്ത്രി ജെ. ചിഞ്ചുറാണി

ആരോഗ്യരംഗത്ത് സമഗ്രമാറ്റം സൃഷ്ടിച്ച് വികസനം സാധ്യമാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിച്ച കോവിഡാനന്തര സമഗ്ര ആരോഗ്യ രക്ഷാ പദ്ധതിയായ 'സ്വാസ്ഥ്യസ്പർശം' ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കോവിഡ് മൂന്നാം തരംഗത്തെ നേരിടാൻ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രാഥമികതലം മുതൽ ശക്തമായ പ്രവർത്തനങ്ങൾ നടത്തി. സർക്കാർ നടത്തിവരുന്നത്. കോവിഡ് മുക്തരായവരിൽ ശാരീരികവും മാനസികവുമായ വിഷമതകൾ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലം മുതൽ വിപുലമായ പദ്ധതികൾ നടപ്പിലാക്കുകയാണെന്നും മന്ത്രി പറഞ്ഞു.

ആയുഷ് വിഭാഗങ്ങളായ ആയുർവേദം, ഹോമിയോ, യോഗ എന്നിവയോടൊപ്പം ക്ലിനിക്കൽ കൗൺസിലിങ്ങും സ്വാസ്ഥ്യസ്പർശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 12 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി. ആയുർവേദ വിഭാഗം ആഴ്ചയിൽ അഞ്ചു ദിവസവും മറ്റുള്ളവ മൂന്നു ദിവസവും രാവിലെ ഒമ്പത് മണി മുതൽ ഉച്ചയ്ക്ക് രണ്ട് മണി വരെയുണ്ടാകും. കൗൺസിലിംഗ്, യോഗ എന്നിവയ്ക്കായി ഓൺലൈൻ സംവിധാനവുമുണ്ട്. കോവൂർ കുഞ്ഞുമോൻ എം.എൽ.എ അധ്യക്ഷനായി. പി. സി. വിഷ്ണുനാഥ് എം.എൽ.എ മുഖ്യതിഥിയും. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജയദേവി മോഹൻ, വൈസ് പ്രസിഡന്റ് ബി. ദിനേഷ്, ജില്ലാ പഞ്ചായത്തംഗങ്ങളായ സി. ബാൾഡുവിൻ, ബി. ജയന്തി, ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ. എ. എസ്. മഞ്ജുകുമാരി, ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ. കെ. എസ്. പ്രമോദ് കുമാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. ഉന്നത വിദ്യാഭ്യാസ കലാകായികസാംസ്ക്കാരിക മേഖലകളിൽ മികവ് പുലർത്തിയ പ്രതിഭകളെ ആദരിച്ചു.

# ജനകീയാസൂത്രണം രജതജൂബിലി, തുടർപരിപാടികൾ സംഘടിപ്പിക്കും: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

ഒരുവർഷം നീണ്ടുനിൽക്കുന്ന ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഗാന്ധിസ്മൃതി ഉൾപ്പെടെ വിവിധ പരിപാടികൾ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ സംഘടിപ്പിക്കുമെന്ന് തദ്ദേശസ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി ഏറ്റെടുക്കേണ്ട പരിപാടികൾ സംബന്ധിച്ചുള്ള നിർദേശങ്ങൾ നൽകി കഴിഞ്ഞെന്നും സമയബന്ധിതമായി പരിപാടികൾ സംഘടിപ്പിക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.

ഗാന്ധിജയന്തി ദിനമായ ഒക്ടോബർ രണ്ടിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അധികാര വികേന്ദ്രീകരണ പ്രക്രിയ, ഗാന്ധിജിയുടെ ഇന്ത്യയിൽ എന്ന വിഷയത്തിൽ അനുസ്മരണ പരിപാടി സംഘടിപ്പിക്കും. ഗ്രാമസ്വരാജിന്റെ പ്രയോക്താവ് കൂടിയായ രാഷ്ട്രപിതാവിന്റെ സ്മരണ ഉയർത്തിപ്പിടിച്ചുകൊണ്ട് എല്ലാ ഓഫീസുകളിലും ഒക്ടോബർ 2, 3 തിയതികളിൽ ക്ലീൻ ഓഫീസ് ഡ്രൈവും സംഘടിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഓഫീസുകളിൽ നിന്നും പഴകിയതും ഉപയോഗശൂന്യമായതും ജനങ്ങൾക്ക് ഇടപഴകുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായ വസ്തുക്കളും കടലാസുകളും മറ്റും നീക്കം ചെയ്യും. മാറാലകൾ കെട്ടികിടക്കുന്ന അവസ്ഥ ഒരു ഓഫീസിലും ഉണ്ടാവാൻ പാടില്ല. ഓഫീസിലുള്ളതുകൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള ശൗച്യാലയങ്ങളും ശുചീകരിക്കും. ഫർണിച്ചറുകളിലും ജനാലകളിലും മറ്റും കെട്ടിക്കിടക്കുന്ന പൊടിയും മാറാലയും വൃത്തിയാക്കും. അനിവാര്യമായ അറ്റകുറ്റപ്പണികളും നടത്തും. ഓഫീസുകളുടെ പരിസരത്തെ കാടും മറ്റും ഇല്ലാതാക്കി വിപുലമായ ശുചീകരണം നടത്തണമെന്ന് മന്ത്രി നിർദ്ദേശിച്ചു.

ആഘോഷങ്ങളുടെ ഭാഗമായി ജനകീയാസൂത്രണ ചരിത്രം വിപുലമായി രേഖപ്പെടുത്തേണ്ടതുണ്ട്. ചുരുങ്ങിയത് പതിനായിരം പേരിൽ നിന്ന് അനുഭവങ്ങൾ രേഖപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. അതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ ഓരോ തദ്ദേശ സ്ഥാപനത്തിനും കില ലഭ്യമാക്കും. ഓരോ ജില്ലയിൽ നിന്നും ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട വ്യക്തികളെ നേരിട്ട് കണ്ട് അനുഭവങ്ങൾ ശേഖരിക്കുന്നതിനായി ജില്ലാ ആസൂത്രണ സമിതികളിലെ സർക്കാർ നോമിനിക്കും ജനകീയാസൂത്രണ ജില്ലാ ഫെസിലിറ്റേറ്റർക്കും ചുമതല നൽകുമെന്ന് മന്ത്രി വ്യക്തമാക്കി.

രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ സത്വരമായ നടപടികളും തീരുമാനങ്ങളും ഉണ്ടാവണമെന്ന് മന്ത്രി പറഞ്ഞു. ഒക്ടോബർ അവസാനവാരം വകുപ്പിന്റെ എല്ലാ തലങ്ങളിലും അദാലത്ത് സംഘടിപ്പിക്കണം. അതിനുള്ള മുന്നൊരുക്കങ്ങൾ ഈ മാസം തന്നെ ആരംഭിക്കണം. വർഷങ്ങളായി കെട്ടിക്കിടക്കുന്ന ഫയലുകളുടെ എണ്ണം കാറ്റഗറി തിരിച്ച് ശേഖരിക്കുന്നതിനൊപ്പം അദാലത്തിന്റെ മുന്നോടിയായി പരാതികൾ സ്വീകരിച്ച് നടപടിക്രമങ്ങളിലേക്ക് കടക്കണമെന്ന് ഗോവിന്ദൻ മാസ്റ്റർ കൂട്ടിചേർത്തു.

## നേവിസിന്റെ ഹൃദയം സ്പന്ദിച്ചു തുടങ്ങി; ഹൃദയമാറ്റ ശസ്ത്രക്രിയ വിജയകരം

കോഴിക്കോട്: മസ്തിഷ്ക മരണം സംഭവിച്ച നേവിസിന്റെ ഹൃദയം ശസ്ത്രക്രിയയിലൂടെ കണ്ണൂർ സ്വദേശിക്ക് വച്ച് പിടിപ്പിച്ചു. കോഴിക്കോട് മെട്രോ ആശുപത്രിയിലാണ് എട്ട് മണിക്കൂറോളം നീണ്ട ശസ്ത്രക്രിയ നടന്നത്. ശസ്ത്രക്രിയ വിജയമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

മസ്തിഷ്ക മരണം സംഭവിച്ച കോട്ടയം വടവത്തൂർ സ്വദേശി നേവിസിന്റെ ഹൃദയവുമായി എറണാകുളം രാജഗിരി ആശുപത്രിയിൽ നിന്നും ശനിയാഴ്ച വൈകീട്ട് നാല് പത്തിനാണ് ആംബുലൻസ് കോഴിക്കോട്ടേക്ക് പുറപ്പെട്ടത്. എറണാകുളം മുതൽ കോഴിക്കോടുവരെ സർക്കാർ റോഡിൽ ഗ്രീൻ ചാനൽ ക്രമീകരണമൊരുക്കിയിരുന്നു. വഴിയിൽ ജനങ്ങൾ സഹകരിക്കണമെന്ന് ആരോഗ്യമന്ത്രിയടക്കം ഫേസ്ബുക്കിലൂടെ അഭ്യർത്ഥിച്ചിരുന്നു. 172 കിമീ ദൂരം മൂന്ന് മണിക്കൂർ അഞ്ച് മിനിറ്റുകൊണ്ട് പിന്നിട്ട് രാത്രി ഏഴേകാലോടെ ഹൃദയം കോഴിക്കോട് മെട്രോ ഇൻറർനാഷണൽ ആശുപത്രിയിലെത്തിച്ചു.

തൊട്ടുപിന്നാലെ കണ്ണൂർ സ്വദേശിയായ അമ്പത്തൊൻപതുകാരന് ഹൃദയം വച്ചുപിടിപ്പിക്കാനുള്ള ശസ്ത്രക്രിയയും തുടങ്ങി. ഇത് കൂടാതെ നേവിസിന്റെ കരളും കിഡ്നിയും കൈകളുമടക്കം ആറ് അവയവങ്ങൾ എറണാകുളത്തെ വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളവർക്ക് ദാനം ചെയ്തു. ഫ്രാൻസിൽ വിദ്യാർത്ഥിയായിരുന്ന നേവിസ് രക്തത്തിൽ പഞ്ചസാരയുടെ അളവ് ക്രമാതീതമായി കുറഞ്ഞതിനെ തുടർന്ന് സെപ്റ്റംബർ പതിനാറിന് കുഴഞ്ഞു വീഴുകയായിരുന്നു. കഴിഞ്ഞ തിങ്കളാഴ്ചയാണ് കോട്ടയത്തെ ആശുപത്രിയിൽവെച്ച് മസ്തിഷ്ക മരണം സംഭവിച്ചത്. കേരളത്തിൽ അപൂർവമായാണ് ഒരാളുടെ ഏഴ് അവയവങ്ങളും ദാനം ചെയ്യുന്നത്.

# പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു

തിരുവനന്തപുരം: പ്രവാസി മലയാളി സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വിദേശകാര്യ മന്ത്രാലയ പ്രതിനിധികളുമായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണിയുടെ നേതൃത്വത്തിലുള്ള സംഘം ചർച്ച നടത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. യാത്രാക്ലേശം അടക്കം വിദേശ മലയാളികൾ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ സംസാരിച്ചു. ജപ്പാനിലെ വിദഗ്ധതൊഴിൽ മേഖലകളിലേക്ക് റിക്രൂട്ട്മെന്റ് നടത്താൻ കേന്ദ്രം പുതിയ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. മലയാളികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതിന് വിദേശകാര്യമന്ത്രാലയവും നോർക്കയും സഹകരിച്ചു പ്രവർത്തിക്കാൻ തീരുമാനിച്ചു.

റിക്രൂട്ട്മെന്റിനു വേണ്ടി ഇന്ത്യയിൽ ജപ്പാനീസ് ഭാഷാ പരിശീലനവും പരീക്ഷയും നടത്താൻ ജപ്പാൻ സർക്കാർ തയാറായിട്ടുണ്ട്. ജപ്പാൻ ഭാഷാ പരിശീലന കേന്ദ്രങ്ങളുടെയും റിക്രൂട്ട്മെന്റ് നടക്കുന്ന വിദഗ്ധ തൊഴിൽ മേഖലകളുടെയും വിവരം നോർക്ക വഴി അറിയിക്കും. ആരോഗ്യമേഖലയിൽ പ്രത്യേകിച്ച് നഴ്സുമാർക്ക് ജപ്പാനിൽ അവസരമുണ്ടാകുമെന്നാണ് അറിയിച്ചിട്ടുള്ളത്. അടുത്ത വർഷം മുതൽ കൂടുതൽ ഗൾഫ് രാജ്യങ്ങളിൽ നീറ്റ് പരീക്ഷാ സെന്ററുകൾ ആരംഭിക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിക്കാമെന്ന് വിദേശകാര്യമന്ത്രാലയം ഉറപ്പു നൽകി. വിദേശ റിക്രൂട്ട്മെന്റിന്റെ പേരിലുള്ള തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും ഉദ്യോഗാർത്ഥികളെ ചൂഷണം ചെയ്യുകയും തട്ടിപ്പ് നടത്തുകയും ചെയ്യുന്ന ഏജൻസികൾക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതടക്കം കർശന നടപടി കൈക്കൊള്ളുമെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചിട്ടുണ്ട്.

# കൃഷിഭവനുകളെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംഗിന് വിധേയമാക്കും: മന്ത്രി പി പ്രസാദ്

സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളിലും പരിശോധനകൾ നടത്തി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ റാങ്കിംഗിന് വിധേയമാക്കുമെന്ന് കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് പറഞ്ഞു. കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമായ അവലോകനത്തിന് ശേഷമായിരിക്കും റാങ്കിംഗ്. ജില്ല, ബ്ലോക്ക് ഓഫീസുകളുടെയും ഫാമുകൾ ഉൾപ്പെടെയുള്ള അനുബന്ധ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളും അവലോകനത്തിന് വിധേയമാക്കുമെന്ന് മന്ത്രി അറിയിച്ചു. തൃശൂർ രാമനിലയത്തിൽ ജില്ലയിലെ മുതിർന്ന കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. റാങ്കിംഗിന്റെ അടിസ്ഥാനത്തിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്നവയും അല്ലാത്തവയുമായ ഓഫീസുകളെയും ഉദ്യോഗസ്ഥരെയും കണ്ടെത്തി ആവശ്യമായ നടപടി സ്വീകരിക്കും.

പേര് പോലെ കർഷകർക്ക് സ്വന്തം വീടുകളായി തോന്നുന്ന ഇടങ്ങളായി കൃഷി ഭവനുകൾ മാറണം. കൃഷിക്കാരുമായി ജൈവികമായ നാഭീനാള ബന്ധം നിലനിർത്താൻ അവയ്ക്ക് സാധിക്കണം. എവിടെയെങ്കിലും പോരായ്മകളുണ്ടെങ്കിൽ അവ കണ്ടെത്തി പരിഹരിക്കാൻ ഉദ്യോഗസ്ഥർ മുന്നിട്ടിറങ്ങണമെന്നും മന്ത്രി പറഞ്ഞു.

കർഷകരെ ആദരവോടെ കാണുകയും അവരോട് നല്ല രീതിയിൽ പെരുമാറുകയും ചെയ്യുന്ന സ്ഥിതിയുണ്ടാവണം. വകുപ്പിന്റെ പരിപാടികളിൽ കർഷകർക്ക് മുൻനിരയിൽ തന്നെ ഇരിപ്പിടം അനുവദിക്കണമെന്നു പറഞ്ഞത് ഭംഗിവാക്കായിട്ടല്ലെന്നും അർഹിക്കുന്ന സ്ഥാനം സമൂഹം അവർക്കു നൽകേണ്ടതിനാലാണെന്നും മന്ത്രി പറഞ്ഞു. ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ കർഷകരുടെയും കൃഷിയുടെയും സംരക്ഷണത്തിനും വളർച്ചയ്ക്കും വേണ്ടിയാവണം. യോഗങ്ങളും മറ്റ് ഔദ്യോഗിക പരിപാടികളും പരമാവധി കുറച്ച് കർഷകർക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ സജീവമാകാൻ മന്ത്രി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. വകുപ്പുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ മാന്വലായി തയ്യാറാക്കുന്നതിന് പകരം കൃത്യമായ ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കും.

നെല്ലുത്പ്പാദനത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്നത് അത്ര എളുപ്പമല്ലെങ്കിലും പച്ചക്കറിയുടെ കാര്യത്തിൽ കേരളത്തിന് അത് വേഗത്തിൽ സാധിക്കുമെന്നതിന് സമീപകാലത്തെ അനുഭവങ്ങൾ തെളിവാണ്. മികച്ച പങ്കാളിത്തമാണ് പച്ചക്കറി ഉത്പ്പാദനത്തിന്റെ കാര്യത്തിൽ കർഷകരുടെയും ഉദ്യോഗസ്ഥരുടെയും ഭാഗത്തുനിന്നുണ്ടായത്. കൃഷി ഭവനുകൾ സ്മാർട്ടാക്കുന്നതിനുള്ള നടപടികൾ ഇതിനകം ആരംഭിച്ചതായും മന്ത്രി അറിയിച്ചു.

അവലോകന യോഗത്തിൽ കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റി അഡീഷണൽ ഡയറക്ടർ ഉമ്മൻ തോമസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ടി വി ജയശ്രീ, കൃഷി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, ഫാം ഓഫീസർമാർ, കൃഷി അനുബന്ധ സ്ഥാപന മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

## പ്രവാസിചിട്ടിയിൽ വളർച്ച

തിരുവനന്തപുരം: പ്രവാസിചിട്ടി മൂന്നു വർഷം കൊണ്ട് അഞ്ഞൂറുകോടി എന്ന നിലയിൽ വളർന്നിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രവാസികളെ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിൽ പങ്കാളികളാക്കി അതുവഴി അവർക്ക് സാമ്പത്തിക സുരക്ഷിതത്വവും നാടിന് വികസനവും കൈവരുത്തുക എന്ന ആശയത്തിന്റെ ഫലപ്രാപ്തിയായിരുന്നു കെഎസ്എഫ്ഇയുടെ പ്രവാസി ചിട്ടി.

രജിസ്ട്രേഷൻ പൂർത്തിയാക്കിയ പ്രവാസികളുടെ എണ്ണം 113000 കടന്നു. നിലവിൽ വിദേശത്ത് താമസിക്കുന്ന 1,02812 പ്രവാസി മലയാളികളും ഇന്ത്യയിൽ കേരളത്തിന് പുറത്ത് താമസിക്കുന്ന 10,250 പ്രവാസി മലയാളികളും അടക്കം 113062 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു.

# ജുഡീഷ്യറിയിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം വേണം: ചീഫ് ജസ്റ്റിസ്

ന്യൂഡൽഹി: ഇന്ത്യൻ ജുഡീഷ്യറിയിൽ സ്ത്രീകൾക്ക് 50 ശതമാനം സംവരണം വേണമെന്ന് ചീഫ് ജസ്റ്റിസ് എൻ വി രമണ. രാജ്യത്തെ ലോ കോളജുകളിലും സമാനമായ രീതിയിൽ സംവരണം ആവശ്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സുപ്രീം കോടതി വനിത അഭിഭാഷകർ നടത്തിയ ഒരു പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിയമവ്യവസ്ഥയിലെ 50 ശതമാനം സംവരണം വനിതകളുടെ അവകാശമാണെന്നും അത് ആവശ്യപ്പെടാൻ അവർക്ക് അർഹതയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആയിരക്കണക്കിന് വർഷങ്ങളായുള്ള അടിച്ചമർത്തലിന്റെ പ്രശ്നമാണിത്. ജുഡീഷ്യറിയുടെ താഴ്ന്ന തലങ്ങളിൽ 30 ശതമാനത്തിൽ താഴെമാത്രമാണ് വനിതാ ജഡ്ജിമാരുടെ പ്രാതിനിധ്യം.

ഹൈക്കോടതികളിൽ 11.5 ശതമാനവും സുപ്രീം കോടതിയിൽ 12 ശതമാനവുമാണ് സ്ത്രീകൾ. രാജ്യത്തെ 1.7 ദശലക്ഷം വരുന്ന ആകെ അഭിഭാഷകരിൽ 15 ശതമാനം പേർ മാത്രമാണ് വനിതകൾ. സംസ്ഥാന ബാർ കൗൺസിലുകളിൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽ രണ്ട് ശതമാനം സ്ത്രീകളാണുള്ളത്. എന്തുകൊണ്ടാണ് ബാർ കൗൺസിൽ ഓഫ് ഇന്ത്യ നാഷണൽ കമ്മിറ്റിയ്ക്ക് ഒരു വനിതാ പ്രതിനിധി പോലും ഇല്ലാത്തത് എന്ന ചോദ്യം താൻ ഉന്നയിച്ചിരുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. ഈ പ്രശ്നങ്ങൾ അടിയന്തിരമായി തിരുത്തേണ്ടതുണ്ടെന്നും ചീഫ് ജസ്റ്റിസ് അഭിപ്രായപ്പെട്ടു.

ലോകത്തിലെ സ്ത്രീകൾ ഒന്നിക്കുക. നിങ്ങളുടെ ചങ്ങലകളല്ലാതെ നിങ്ങൾക്ക് ഒന്നും നഷ്ടപ്പെടാനില്ലെന്നും കാൾ മാക്സിന്റെ വരികളെ ഉദ്ധരിച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു. കോടതികളിലെ അസുഖകരമായ ജോലി സാഹചര്യങ്ങളെ കുറിച്ചും അദ്ദേഹം പരാമർശിച്ചു. ഇത് രണ്ടാം തവണയാണ് രാജ്യത്തെ നിയമവ്യവസ്ഥയിലെ സ്ത്രീ പ്രാതിനിധ്യത്തെ കുറിച്ച് ചീഫ് ജസ്റ്റിസ് ആശങ്ക ഉന്നയിക്കുന്നത്.

## കോവിഡ് മരണ സർട്ടിഫിക്കറ്റിൽ തെറ്റ് തിരുത്താം

കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ മരണസർട്ടിഫിക്കറ്റിലെ തെറ്റുകൾ ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും തിരുത്തി ലഭിക്കുന്നതിന്, ബന്ധപ്പെട്ട അനന്തരാവകാശികൾ മരണം നടന്ന ആശുപത്രിയിലെ രേഖകളിൽ ആദ്യ തിരുത്തൽ നടത്തണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. ഈ മാസം അവസാനത്തോടെ കോവിഡ് മരണം സംബന്ധിച്ച രേഖകൾ മരിച്ച ആളുടെ സ്ഥലത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതായും ഡിഎംഒ അറിയിച്ചു.

## പ്രൊപ്പോസൽ ക്ഷണിച്ചു

2022 ലെ നീറ്റ് / ജെ.ഇ.ഇ /കീം എൻജിനിയറിങ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരീക്ഷാ പരിശീലന പരിപാടി ഓൺലൈനിലും റസിഡൻഷ്യൽ രീതിയിലും നടത്തുന്നതിന് പ്രൊപ്പോസൽ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 0471 2304594, 2303229.

# വാതിൽപ്പടി സേവനം ജനപങ്കാളിത്തത്തോടെ കൂടുതൽ ഊർജ്ജിതമാക്കും: എം വി ഗോവിന്ദൻ മാസ്റ്റർ

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വാതിൽപ്പടി സേവനം കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുമെന്ന് തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും സ്വന്തം നിലയിൽ പദ്ധതി വിപുലപ്പെടുത്തുകയും ഊർജ്ജസ്വലമാക്കുകയും വേണം. അതിനായി പ്രോജക്ട് തയ്യാറാക്കി തദ്ദേശ സ്ഥാപനങ്ങൾ മുന്നോട്ടു പോകണം. പദ്ധതി നടത്തിപ്പിന് ആവശ്യമായ ബയോമെട്രിക് ഉപകരണങ്ങൾക്കും ലാപ്ടോപ്പിനും യാത്രാ ചെലവുകൾക്കുമായി ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് രണ്ട് ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് അഞ്ച് ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ വിനിയോഗിക്കാം. ഇതോടൊപ്പം വ്യക്തികളിൽ നിന്നുള്ള സംഭാവനകളും സി എസ് ആർ ഫണ്ടുകളും സ്പോൺസർഷിപ്പും സ്വീകരിച്ച് പ്രത്യേക അക്കൗണ്ട് വഴി ചെലവ് ചെയ്യാം. ഇതിന് പുറമെ കലാ, കായിക, വിനോദ, സാംസ്കാരിക, വാണിജ്യ മേളകൾ കോവിഡ് മാനദണ്ഡങ്ങൾക്കനുസൃതമായി സംഘടിപ്പിച്ചും ധനസമാഹരണം നടത്താമെന്ന് മന്ത്രി വ്യക്തമാക്കി.

മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷ പെൻഷൻ അപേക്ഷ, സി.എം.ഡി.ആർ.എഫിലെ സഹായത്തിനുള്ള അപേക്ഷ, ജീവൻ രക്ഷാ മരുന്നുകൾ എന്നിവയാണ് ആദ്യഘട്ടമെന്ന നിലയിൽ വാതിൽ പടി സേവനമായി ലഭ്യമാക്കുന്നത്. ഗുണഭോക്താക്കളുടെ വീട്ടിലെത്തി മസ്റ്ററിംഗ് നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് ധനം വിനിയോഗിക്കാം. അതോടൊപ്പം വീട്ടിൽ ചെന്ന് മസ്റ്ററിംഗ് നടത്തുന്നതിന് 30 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള അപേക്ഷ വീട്ടിലെത്തി ഓൺലൈനായി നൽകി പ്രിന്റ് നൽകുന്നതിന് 20 രൂപയും ഉദ്യോഗസ്ഥനെ വീട്ടിലെത്തിച്ച് ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്നതിന് 30 രൂപയും സാമൂഹ്യ സുരക്ഷാപെൻഷൻ ഓൺലൈനായി അപേക്ഷ നൽകി പ്രിന്റെടുത്ത് നൽകുന്നതിന് 50 രൂപയും വളണ്ടിയർമാർക്ക് നൽകും. സേവന കേന്ദ്രത്തിൽ നിന്നും ഗുണഭോക്താക്കളുടെ വീടുകളിലേക്ക് പോകുന്നതിന് കിലോമീറ്ററിന് അഞ്ചുരൂപ നിരക്കിൽ ഇന്ധന ചിലവും നൽകുമെന്ന് മന്ത്രി പറഞ്ഞു.

തദ്ദേശ സ്ഥാപനങ്ങൾ അധ്യക്ഷന്റേയും കോ ഓർഡിനേറ്ററുടെയും പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ച് സംഭാവനകളും മറ്റും സ്വീകരിക്കണം. ഈ തുക പ്രത്യേക ഫണ്ടായി സൂക്ഷിക്കണമെന്ന് മന്ത്രി പറഞ്ഞു. അക്കൗണ്ടിന്റെ വിശദാംശങ്ങളും വാതിൽപ്പടി സേവനത്തിന്റെ വിശദാംശങ്ങളും സോഷ്യൽമീഡിയ വഴിയും മറ്റും ജനങ്ങളിലെത്തിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ തയ്യാറാവണമെന്ന് മന്ത്രി പറഞ്ഞു.

# സഹകരണ നിയമ ഭേദഗതി: മൂന്നംഗ സമിതിയെ നിയോഗിച്ചു

സമഗ്ര സഹകരണ നിയമ ഭേദഗതിയുടെ കരട് ബിൽ തയ്യാറാക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു. റിട്ട. അഡീഷണൽ രജിസ്ട്രാർ ജോസ് ഫിലിപ്പ്, സഹകരണ പരിശീലന കേന്ദ്രം റിട്ട. പ്രിൻസിപ്പൽ മദന ചന്ദ്രൻ നായർ, റിട്ട. അസിസ്റ്റന്റ് രജിസ്ട്രാർ എൻ. ബി. പ്രദീപ് കുമാർ എന്നിവരാണ് സമിതിയിലുള്ളത്. നേരത്തെയുള്ള നിയമ പരിഷ്കരണ സമിതി സമർപ്പിച്ച നിർദ്ദേശങ്ങളും ശുപാർശകളും പഠിച്ച് പ്രായോഗികമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള സമഗ്ര നിയമ പരിഷ്കരണത്തിനാണ് സഹകരണ വകുപ്പ് തീരുമാനിച്ചത്. സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്ത വിദഗ്ദ്ധരെയാണ് പുതിയ സമിതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിലെ ലോ ഓഫീസറായിരിക്കും സമിതിയുടെ കൺവീനർ. ഇതിനു പുറമെ ദൈനംദിന നടപടികൾക്കും മറ്റുമായി കാട്ടാക്കട രജിസ്ട്രാർ ജയചന്ദ്രൻ, ഐടി നോഡൽ ഓഫീസർ അയ്യപ്പൻ നായർ, അസിസ്റ്റന്റ് രജിസ്ട്രാർ ബിജു പ്രസാദ്, പത്മകുമാർ തുടങ്ങിയ ഉദ്യോഗസ്ഥരെയും നിയമിച്ചു. സമയബന്ധിതമായി ഭേദഗതിയുടെ കരട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സമീപകാലത്ത് സഹകരണ സംഘങ്ങളിലുണ്ടായ ആശാസ്യകരമല്ലാത്ത പ്രവണതകൾക്കെതിരെ കടുത്ത നിലപാടെടുക്കുന്നതിനും ക്രമക്കേടുകൾക്ക് ഗൗരവ നടപടി ഉറപ്പാക്കുന്നതിനും വേണ്ടിയാണ് നിയമ ഭേദഗതിക്ക് സർക്കാർ തീരുമാനിച്ചത്. ദശാബ്ദങ്ങൾക്കുമുണ്ടാക്കിയ വ്യവസ്ഥകളിൽ കാലാനുസൃതമായ മാറ്റങ്ങളും നിയമത്തിലും ചട്ടത്തിലും ഉൾപ്പെടുത്തുമെന്നും നേരത്തെ സഹകരണ മന്ത്രി വി.എൻ. വാസവൻ പ്രഖ്യാപിച്ചിരുന്നു. ഇതിനുള്ള നിർദ്ദേശങ്ങളും പുതിയ സമിതി നിർദ്ദേശിക്കും.

# ഐ. ടി ഹാർഡ്‌വെയർ ഉത്പാദനം പതിനായിരം കോടി രൂപയായി ഉയർത്തുക ലക്ഷ്യം: മുഖ്യമന്ത്രി

കേരളത്തിലെ ഐ. ടി ഹാർഡ് വെയർ ഉത്പാദനം പതിനായിരം കോടി രൂപയിലേക്ക് ഉയർത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നിലവിൽ ഇത് 2500 കോടി രൂപയാണ്. ഇത് സാധ്യമാക്കാൻ കേരളത്തിന്റെ പൊതുതാത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് സ്വകാര്യ ഐ. ടി പാർക്കുകളെ സർക്കാർ പ്രോത്സാഹിപ്പിക്കും. ഇത്തരത്തിൽ നവീന വികാസം മുന്നിൽ കണ്ടാണ് കെ ഡിസ്‌ക്ക്, ഡിജിറ്റൽ സർവകലാശാല എന്നിവ സർക്കാർ ആരംഭിച്ചത്. ഇതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഐ. ടി, ഐ. ടി അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേരളത്തിന് വ്യക്തമായ തൊഴിൽ നയം ഉണ്ട്. തൊഴിൽ സുരക്ഷയും മാന്യമായ വേതനവും ഉൾപ്പെടെ തൊഴിലാളിയുടെ അവകാശം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം സർക്കാരിനുണ്ട്. കോവിഡിന്റെ കാലഘട്ടത്തിൽ ഉണ്ടായിരിക്കുന്ന മോശം സാമ്പത്തികാവസ്ഥയിൽ നമ്മുടെ ഐ. ടി മേഖലയെയും തൊഴിലാളികളെയും പ്രത്യേകം കരുതേണ്ടതുണ്ട്. ഇതിന് ക്ഷേമനിധി ഉപകരിക്കും. ഒന്നര ലക്ഷം തൊഴിലാളികളാണ് ഈ മേഖലയിലുള്ളത്. കേരള ഷോപ്സ് ആന്റ് കൊമേഴ്‌സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ക്ഷേമനിധിയിൽ ഈ മേഖലയിലെ 1,15,452 തൊഴിലാളികളും 2682 സംരംഭകരും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. കുറഞ്ഞത് പത്തു വർഷം തുടർച്ചയായി അംശാദായം അടയ്ക്കുന്ന തൊഴിലാളിക്ക് 60 വയസിന് ശേഷം പെൻഷൻ ലഭിക്കും. ശാരീരികാവശതകളെ തുടർന്ന് തൊഴിലെടുക്കാനാകാതെ രണ്ടുവർഷമായി മാറി നിൽക്കുന്നവർക്കും പെൻഷന് അർഹതയുണ്ടാവും. 3000 രൂപയാണ് പെൻഷൻ. ഓരോ വർഷവും 50 രൂപ വീതം പെൻഷൻ വർധനവ് ലഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## ഡയാലിസിസ് ടെക്‌നീഷ്യൻ, ലാബ് ടെക്‌നീഷ്യൻ ഇന്റർവ്യൂ

പേരൂർക്കട ജില്ലാ മാതൃകാ ആശുപത്രിയിൽ ഡയാലിസിസ് ടെക്‌നീഷ്യൻ, ലാബ് ടെക്‌നീഷ്യൻ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി നിയമനം നടത്തും. ഇന്റർവ്യൂവിൽ പങ്കെടുക്കാൻ താൽപര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം 30ന് രാവിലെ 10.30ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ എത്തണം. സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും കരസ്ഥമാക്കിയ ഡയാലിസിസ് ടെക്‌നീഷ്യൻ ഡിഗ്രി/ ഡിപ്ലോമ ആണ് ഡയാലിസിസ് ടെക്‌നീഷ്യൻ തസ്തികയുടെ യോഗ്യത. പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിച്ചവരായിരിക്കണം. ലാബ് ടെക്‌നീഷ്യന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഡിപ്ലോമ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്‌നോളജി സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം. (ഡി.എം.എൽ.റ്റി)/ ബി.എസ്‌സി എം.എൽ.റ്റി സർട്ടിഫക്കറ്റും വേണം.



# ഇനി ദന്ത ഡോക്ടറും അത്യാധുനിക ദന്ത ക്ലിനിക്കും വീട്ടിലെത്തും

തിരുവനന്തപുരം : ദന്ത രോഗിയുടെ വീട്ടിൽ മൊബൈൽ ക്ലിനിക്കുമായെത്തി ചികിൽസ നൽകുന്ന അത്യാധുനിക സംവിധാനങ്ങളോട് കൂടിയ മൊബൈൽ ദന്തൽ ക്ലിനിക്ക് എന്ന നൂതന സംവിധാനം ഒരുക്കിയിരിക്കുന്നത് ഹോം ഹെൽത്ത് കെയർ സർവ്വീസ് മേഖലയിലെ മുൻ നിര സ്ഥാപനമായ ' കെയർ ആൻഡ് ക്യൂവർ ' ആണ്. കെയർ ആൻഡ് ക്യുവറിന്റെ പുതിയ സംരംഭമായ അത്യാധുനിക മൊബൈൽ ഡെന്റൽ ക്ലിനിക്കിന്റെ ഫ്ലാഗ് ഓഫ് വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവഹിച്ചു . കേരളത്തിലെ ആദ്യത്തെ ഹോം ഹെൽത്ത് കെയർ സർവീസ് സ്ഥാപനമാണ് 'കെയർ ആൻഡ് ക്യുവർ' .ആധുനിക സജ്ജീകരണങ്ങളോട് കൂടിയുള്ള ഉപകരണങ്ങൾ ഉപയോഗിച്ചാണ് കെയർ ആൻഡ് ക്യുവറിന്റെ പുതിയ സംരംഭമായ മൊബൈൽ ക്ലിനിക്ക് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്ത് ആദ്യമായാണ് ഇത്തരത്തിൽ ഒരു ക്ലിനിക്ക് പ്രവർത്തനം ആരംഭിക്കുന്നത്. ഡെന്റൽ ക്ലിനിക്ക്, ഡെന്റൽ കെയർ, ഡോക്ടർ ഓൺ കോൾ സർവീസ്, നഴ്‌സിംഗ് സർവീസ് തുടങ്ങി വീടിന്റെ സുരക്ഷിതത്വത്തിൽ ഇരുന്ന് ചെയ്യാവുന്ന നിരവധി മെഡിക്കൽ സർവീസുകൾ കെയർ ആൻഡ് ക്യുവർ നൽകുന്നുണ്ട്. ഇതിനായി വൈദഗ്ദ്യം നേടിയ ഡോക്ടർമാരുടെയും നഴ്‌സുമാരുടെയും സംഘം തന്നെ ഇവിടെ ഉണ്ട്. രോഗികളെ നിരീക്ഷിക്കാൻ 24 മണിക്കൂർ നിരീക്ഷണ സംവിധാനവും ഇവിടെ ഒരുക്കിയിട്ടുണ്ട്. കെയർ ആൻഡ് ക്യുവർ മാനേജിങ് ഡയറക്ടർ ഷിജു സ്റ്റാൻലി, ചീഫ് മെഡിക്കൽ ഓഫീസർ ഡോ. മൂർത്തി, ഐ. ടി മാനേജർ ഡോ. രാജേഷ് എം. ആർ, ഓപ്പറേഷൻ മാനേജർ ബിന്ദു അജിത് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# വാക്ക് ഇൻ ഇന്റർവ്യൂ ഒക്ടോബർ നാലിന്

വനിത ശിശു വികസന വകുപ്പിന്റെ കീഴിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഹോമിലേക്ക് കുക്ക് തസ്തികയിൽ നിർദ്ദിഷ്ടയോഗ്യതയുള്ള സ്ത്രീകൾക്കായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തും.

അപേക്ഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ഒക്ടോബർ നാലിന് രാവിലെ 11ന് തൃശ്ശൂർ രാമവർമ്മപുരം വിമൻ ആന്റ് ചിൽഡ്രൻസ് ഹോമിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം. മലയാളം എഴുതാനും വായിക്കാനും അറിയുന്നവരാകണം. 23 വയസ് പൂർത്തിയായിരിക്കണം. പ്രതിമാസം 12000 രൂപയാണ് പ്രതിഫലം. കൂടുതൽ വിവരങ്ങൾക്ക്: സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി.20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം, ഫോൺ: 04712348666, വെബ്സൈറ്റ്: www.k-er-a-l-a-sam-a-k-hy.or-g.

# എക്‌സൈസ് ജീവനക്കാരുടെ പെരുമാറ്റച്ചട്ടം കർശനമാക്കി, ലൈസൻസികളിൽ നിന്നും സംഭാവനകൾ സ്വീകരിക്കരുത്

എക്സൈസ് ഉദ്യോഗസ്ഥർ അബ്കാരി ലൈസൻസികളിൽ നിന്നും സംഭാവന സ്വീകരിക്കുന്നുവെന്ന പരാതിയെ തുടർന്ന് കർശന നടപടികളുമായി എക്സൈസ് വകുപ്പ്. തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്ററുടെ നിർദേശത്തെ തുടർന്ന് എക്സൈസ് കമ്മീഷണറുടെ ഓഫീസ് നിയമലംഘനങ്ങളിലേർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചു.

വകുപ്പിലെ ഉദ്യോഗസ്ഥർ ലൈസൻസികളുമായി ഒരു വിധത്തിലുള്ള പണമിടപാടുകളും പാടില്ലെന്ന് അബ്കാരി ആക്ടിലെ ചട്ടങ്ങൾ ചൂണ്ടിക്കാട്ടി ഉത്തരവിൽ വ്യക്തമാക്കുന്നു. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട സർവീസ് സംഘടനകളുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്കും സംഘടനകൾ പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾക്കും ലൈസൻസികളിൽ നിന്ന് ഒരു സാമ്പത്തിക സഹായവും ലഭ്യമാകുന്നില്ലെന്ന് ഉറപ്പുവരുത്തണം. എക്സൈസ് ജീവനക്കാരുടെ സഹകരണ സംഘങ്ങൾ പുറത്തിറക്കുന്ന ഡയറി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ ലൈസൻസികളിൽ നിന്നും പരസ്യം സ്വീകരിക്കുന്നതും ഉത്തരവിലൂടെ വിലക്കി. നിർദേശങ്ങൾ ലംഘിച്ചാൽ കർശന അച്ചടക്ക നടപടി ഉണ്ടാവുമെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

# സ്റ്റാർട്ടപ്പുകൾക്ക് കരുത്തേകാൻ 12 ലക്ഷം വരെ ഗ്രാന്റ് : കെഎസ് യുഎം അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: 'കേരള സ്റ്റാർട്ടപ്പ് ഇന്നവേഷൻ ഡ്രൈവ് 2021' ന്റെ ഭാഗമായുള്ള സംസ്ഥാന സർക്കാരിന്റെ ഇന്നവേഷൻ ഗ്രാന്റ് പദ്ധതിയിലേയ്ക്ക് കേരള സ്റ്റാർട്ടപ്പ് മിഷൻ (കെഎസ് യുഎം) സ്റ്റാർട്ടപ്പുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്ക് 12 ലക്ഷം രൂപ വരെ ഗ്രാന്റായി ലഭിക്കും. നൂതനാശയങ്ങളെ മികച്ച സംരംഭങ്ങളാക്കി മാറ്റുന്നതിന് സംരംഭകർക്കും സ്റ്റാർട്ടപ്പുകൾക്കും സാമ്പത്തിക സഹായം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇങ്ങനെയുള്ളവർക്ക് പ്രാരംഭ ധനസഹായം വെല്ലുവിളിയായതിനാൽ അതു പരിഹരിക്കുന്നതിനാണ് സർക്കാർ ഇന്നവേഷൻ ഗ്രാൻഡ് പദ്ധതി നടപ്പിലാക്കുന്നത്. ഐഡിയ ഗ്രാന്റ്, പ്രോഡക്ടൈസേഷൻ ഗ്രാന്റ്, സ്കെയിൽഅപ്പ് ഗ്രാന്റ് എന്നിങ്ങനെയാണ് വിവിധ ഘട്ടങ്ങളിലുള്ള സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകുന്നത്.

ഐഡിയ ഗ്രാന്റിന് ഒഴികെ മറ്റു ഗ്രാന്റുകൾക്ക് അപേക്ഷിക്കുന്നതിന് കെഎസ് യുഎമ്മിന്റെ യുണീക്ക് ഐഡി നിർബന്ധമാണ്. മികച്ച ആശയങ്ങളെ പ്രോട്ടോടൈപ്പ് ആക്കുന്നതിനാണ് രണ്ട് ലക്ഷം രൂപയുടെ ഐഡിയ ഗ്രാന്റ് നൽകുന്നത്. എംവിപി അല്ലെങ്കിൽ പ്രോട്ടോടൈപ്പ് സ്വന്തമായുള്ള സ്റ്റാർട്ടപ്പുകൾക്കും സംരംഭങ്ങൾക്കും അന്തിമ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്നതിനായി ഇത് പ്രയോജനപ്പെടുത്താം. മുൻപ് ഐഡിയ ഗ്രാന്റ് ലഭിച്ചിട്ടുള്ളവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല. അന്തിമ ഉൽപ്പന്നങ്ങൾ പുറത്തിറക്കാൻ തയ്യാറെടുത്തിരിക്കുന്നവർക്ക് ഏഴ് ലക്ഷം രൂപയുടെ പ്രോഡക്ടൈസേഷൻ ഗ്രാന്റിന് അപേക്ഷിക്കാം.

വളർച്ചയുടെ ഘട്ടത്തിൽ കൂടുതൽ നിക്ഷേപവും ഉല്പ്പന്ന വികസനവും വരുമാനവും ആഗ്രഹിക്കുന്ന സ്റ്റാർട്ടപ്പുകൾക്കാണ് 12 ലക്ഷം രൂപവരെ ലഭ്യമാക്കുന്ന സ്കെയിൽഅപ് ഗ്രാന്റിന് അപേക്ഷിക്കാവുന്നത്. വിദഗ്ധരുടെ പാനൽ അപേക്ഷകരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കും. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾ കോവിഡ് മാനദണ്ഡപ്രകാരം വിദഗ്ധ സമിതിക്കു മുന്നിൽ അവതരണം നടത്തണം. ഈ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരിക്കും അന്തിമ തെരഞ്ഞെടുപ്പ്. 30 വരെ അപേക്ഷിക്കാനാകും. വിശദവിവരങ്ങൾക്ക് വഠ്േs://b-i-t.ly/Innov-a-tion-Gr-an-t2021 എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ നിരക്കിലും കുറവ്

ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നവരുടെ നിരക്കും ഗുരുതരമായ കേസുകളും കുറയുകയാണ്. മെഡിക്കൽ കോളജുകളിൽ കോവിഡ് ചികിത്സയ്ക്കായി പ്രവേശിക്കേണ്ടി വരുന്നവരുടെ എണ്ണവും കുറഞ്ഞു. കഴിഞ്ഞ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ 6.7 ശതമാനം കുറവ് ഇതിൽ ഉണ്ടായിട്ടുണ്ട്. ഓഗസ്റ്റ് 29 മുതൽ സെപ്റ്റംബർ നാലു വരെയുള്ള ദിവസങ്ങളിൽ 1979 രോഗികളാണ് മെഡിക്കൽ കോളജുകളിൽ പ്രവേശിപ്പിക്കപ്പെട്ടതെങ്കിൽ, സെപ്റ്റംബർ 19 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ 1361 കേസുകളായി അത് കുറഞ്ഞു. ആശുപത്രികളിൽ ചികിത്സയ്ക്കായി പ്രവേശിക്കേണ്ടി വരുന്ന രോഗികളിൽ 52.7 ശതമാനം പേരും വാക്സിൻ എടുക്കാത്തവരാണ്.

കോവിഡ് മരണങ്ങളിൽ 57.6 ശതമാനവും വാക്സിൻ എടുക്കാത്തവർക്കാണ് സംഭവിച്ചത്. മരിച്ചവരിൽ 26.3 ശതമാനം പേർ ആദ്യ ഡോസ് വാക്സിൻ എടുത്തവരും 7.9 ശതമനാം പേർ രണ്ട് ഡോസ് വാക്സിൻ എടുത്തവരുമാണ്. വാക്സിൻ എടുത്തിട്ടും മരണമടഞ്ഞവരിൽ ബഹുഭൂരിഭാഗം പേരും പ്രായാധിക്യമുള്ളവരോ രണ്ടോ അതിൽ കൂടുതലോ അനുബന്ധ രോഗമുള്ളവരോ ആയിരുന്നുവെന്നുമാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

# കോവിഡ് വാക്സിനേഷൻ ആദ്യ ഡോസ് കൂടുതൽ പേർക്ക് ലഭ്യമാക്കും : ജില്ലാ കലക്ടർ

കോവിഡ് വാക്സിനേഷൻ ആദ്യ ഡോസ് കൂടുതൽ പേർക്ക് ലഭ്യമാക്കുമെന്ന് ജില്ലാ കലക്ടർ അഫ്സാനാ പർവീൺ. ആദ്യ ഡോസ് 87 ശതമാനവും രണ്ടാം ഡോസ് 38.4 ശതമാനവും പൂർത്തിയായി. കോവിഡ് അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു കലക്ടർ.

കോവിഡ് ജാഗ്രത പോർട്ടലിലെ വിവരശേഖരണ പുരോഗതി പരിശോധിക്കണമെന്ന് നിർദേശം നൽകി. പഞ്ചായത്ത് തലത്തിൽ വിവരശേഖരണം ആരംഭിച്ചതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചു.

സെക്ടറൽ മജിസ്ട്രേറ്റുമാരുടെ പ്രവർത്തനം കാര്യക്ഷമമെന്ന് ഉറപ്പാക്കണം. ഡബ്ലിയു. ഐ. പി. ആർ ഉയർന്ന സ്ഥലങ്ങളിൽ പരിശോധന കൂടുതൽ ശക്തമാക്കി ക്വാറന്റയിൻ ലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം. നിലവിൽ കോവിഡ് ചികിത്സാകേന്ദ്രങ്ങൾ ആയി പ്രവർത്തിക്കുന്ന സ്കൂളുകളുടെയും ചികിത്സയിലുള്ളവരുടെയും വിവരങ്ങൾ ഉൾപ്പെട്ട റിപ്പോർട്ട് നൽകാനും നിർദ്ദേശം നൽകി. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക യോഗം വിളിക്കും. ജില്ലയിലെ ഹാർബറുകൾ ഞായറാഴ്ചയും തുറന്നു പ്രവർത്തിക്കുന്നതിനുള്ള അനുമതി നൽകാനും തീരുമാനമായി.

സബ് കലക്ടർ ചേതൻ കുമാർ മീണ, എ. ഡി. എം എൻ. സാജിതാ ബീഗം, പുനലൂർ ആർ.ഡി.ഒ ബി. ശശികുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആർ. ശ്രീലത, ജില്ലാ സർവൈലൻസ് ഓഫീസർ ഡോ. ആർ സന്ധ്യ, വകുപ്പുതല മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

# പ്രവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു

പ്രവാസി മലയാളി സമൂഹം നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് വിദേശകാര്യ മന്ത്രാലയ പ്രതിനിധികളുമായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി വേണു രാജാമണിയുടെ നേതൃത്വത്തിലുള്ള സംഘം ചർച്ച നടത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. യാത്രാക്ലേശം അടക്കം വിദേശ മലയാളികൾ അഭിമുഖീകരിക്കുന്ന വിഷയങ്ങൾ സംസാരിച്ചു.

ജപ്പാനിലെ വിദഗ്ദ്ധതൊഴിൽ മേഖലകളിലേക്ക് റിക്രൂട്ട്മെന്റ് നടത്താൻ കേന്ദ്രം പുതിയ സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. മലയാളികൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതിന് വിദേശകാര്യമന്ത്രാലയവും നോർക്കയും സഹകരിച്ചു പ്രവർത്തിക്കാൻ തീരുമാനിച്ചു. റിക്രൂട്ട്മെന്റിനു വേണ്ടി ഇന്ത്യയിൽ ജപ്പാനീസ് ഭാഷാ പരിശീലനവും പരീക്ഷയും നടത്താൻ ജപ്പാൻ സർക്കാർ തയാറായിട്ടുണ്ട്. ജപ്പാൻ ഭാഷാ പരിശീലന കേന്ദ്രങ്ങളുടെയും റിക്രൂട്ട്മെന്റ് നടക്കുന്ന വിദഗ്ധ തൊഴിൽ മേഖലകളുടെയും വിവരം നോർക്ക വഴി അറിയിക്കും. ആരോഗ്യമേഖലയിൽ പ്രത്യേകിച്ച് നഴ്സുമാർക്ക് ജപ്പാനിൽ അവസരമുണ്ടാകുമെന്നാണ് അറിയിച്ചിട്ടുള്ളത്.

അടുത്ത വർഷം മുതൽ കൂടുതൽ ഗൾഫ് രാജ്യങ്ങളിൽ നീറ്റ് പരീക്ഷാ സെന്ററുകൾ ആരംഭിക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിക്കാമെന്ന് വിദേശകാര്യമന്ത്രാലയം ഉറപ്പു നൽകി. വിദേശ റിക്രൂട്ട്മെന്റിന്റെ പേരിലുള്ള തട്ടിപ്പുകൾക്കെതിരെ ജാഗ്രത പാലിക്കണമെന്നും ഉദ്യോഗാർഥികളെ ചൂഷണം ചെയ്യുകയും തട്ടിപ്പ് നടത്തുകയും ചെയ്യുന്ന ഏജൻസികൾക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതടക്കം കർശന നടപടി കൈക്കൊള്ളുമെന്നും വിദേശകാര്യമന്ത്രാലയം അറിയിച്ചിട്ടുണ്ട്.

# സംരംഭകർക്കായി ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങുന്നു

തിരുവനന്തപുരം: നിലവിലെ കേരളത്തിലെ സംരംഭകർക്ക് പുതിയ സാങ്കേതിക വിദ്യയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പുതിയ 38 ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങാനുള്ള പദ്ധതിയുമായി വ്യവസായ വകുപ്പ്.

കേരളത്തിൽ ഏറ്റവും കൂടുതൽ സൂക്ഷ്മ സംരംഭകരുള്ള പ്രധാനപ്പെട്ട 10 മേഖലകൾ തിരഞ്ഞെടുത്തു കൊണ്ട്, ഈ മേഖലയിലെ പുതിയ സാങ്കേതികവിദ്യയെ കുറിച്ചും അവിടുത്തെ മികച്ച മാർക്കറ്റിംഗ് അവസരങ്ങൾ ഒരുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചും പുതിയ ഉപകരണങ്ങളെക്കുറിച്ചുമൊക്കെയുള്ള വിവരങ്ങളായിരിക്കും സംസ്ഥാന തലത്തിലുള്ള ടെക്നോളജി ക്ലിനിക്കുകളിലൂടെ സംരംഭകരിലേക്ക് എത്തിക്കുക. ഓരോ ജില്ലയിലും പ്രാദേശികമായി ഏറ്റവും കൂടുതൽ സംരംഭങ്ങൾ ഉള്ള മേഖലകൾ തിരഞ്ഞെടുത്ത് കൊണ്ട് രണ്ടു വീതം ടെക്നോളജി ക്ലിനിക്കുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. അങ്ങനെ ജില്ലാതലത്തിൽ 28 ഉം സംസ്ഥാന തലത്തിൽ 10 ഉം ഉൾപ്പെടെ 38 ടെക്നോളജി ക്ലിനിക്കുകൾ നടത്തിക്കൊണ്ട് കേരളത്തിലെ സംരംഭകരിൽ പുതിയ സാങ്കേതിക വിദ്യയെക്കുറിച്ച് ബോധവൽക്കരണം നടത്താനും അവർക്ക് പുതിയ ആശയങ്ങളെ കുറിച്ചുള്ള അറിവുകൾ പകരാനുമാണ് ഉദ്ദേശിക്കുന്നത്.

ഇത്തരത്തിലെ ടെക്നോളജി ക്ലിനിക്കുകളിൽ ആദ്യത്തേതിന്റെ ഉദ്ഘാടനം തിരുവനന്തപുരം സെൻട്രൽ ട്യൂബർ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ ദിവസം നടന്നു. വ്യവസായ മന്ത്രി പി രാജീവാണ് ടെക്നോളജി ക്ലിനിക്ക് ഉദ്ഘാടനം ചെയ്തത്. സംസ്ഥാനത്തിനും സംരംഭകർക്കും കൂടുതൽ വരുമാനം ലഭിക്കാനും സംരംഭകർക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിനും ഉത്പാദന ചെലവ് കുറയ്ക്കാനും വ്യവസായവത്ക്കരണം എളുപ്പമാക്കാനും ഈ ടെക്നോളജി ക്ലീനിക്കുകളിലൂടെ സാധിക്കുമെന്ന് പ്രതീക്ഷയിലാണ് വ്യവസായ വകുപ്പ്.

# ഡ്രൈവിംഗ് ലൈസൻസ്, വാഹന പെർമിറ്റ് കാലാവധി നീട്ടണമെന്ന് മന്ത്രി

കോവിഡ് പശ്ചാത്തലത്തിൽ ഡ്രൈവിംഗ് ലൈസൻസിന്റെയും മറ്റ് വാഹന പെർമിറ്റുകളുടെയും കാലാവധി ആറുമാസം കൂടി നീട്ടണമെന്ന് ആവശ്യപ്പെട്ട് ഗതാഗത മന്ത്രി ആന്റണി രാജു കേന്ദ്ര മന്ത്രി നിധിൻ ഗഡ്കരിക്ക് കത്തയച്ചു. ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് തുടങ്ങി കേന്ദ്ര വാഹന നിയമത്തിലെ ബന്ധപ്പെട്ട രേഖകളുടെ കാലാവധിയാണ് ദീർഘിപ്പിക്കാൻ ആവശ്യപ്പെട്ടത്. കോവിഡിന്റെ സാഹചര്യത്തിൽ നീട്ടിയ കാലാവധി സെപ്റ്റംബർ 30ന് അവസാനിക്കും. കോവിഡ് പ്രശ്നങ്ങൾ തുടരുന്നതിനാൽ പൊതുജനങ്ങൾക്ക് വാഹന സംബന്ധമായ രേഖകൾ പുതുക്കുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്താണ് കേന്ദ്രത്തിന് കത്ത് നൽകിയത്.

# ഉന്നതവിദ്യാഭ്യാസ ശാക്തീകരണ ശില്പശാല നടത്തും

സംസ്ഥാനത്തിന്റെ ജ്ഞാനസമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറയിടുന്ന കർമ്മപരിപാടി തയ്യാറാക്കാൻ രണ്ടു ദിവസത്തെ ഉന്നതവിദ്യാഭ്യാസ ശാക്തീകരണ ശില്പശാല തിരുവനന്തപുരം ഐ.എം.ജിയിൽ നടക്കും. സെപ്റ്റംബർ 28, 29 തിയതികളിൽ നടക്കുന്ന ശില്പശാല മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ഉന്നതവിദ്യാഭ്യാസസാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അദ്ധ്യക്ഷത വഹിക്കും. ഉന്നതവിദ്യാഭ്യാസ വകുപ്പും സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലും ചേർന്നാണ് ശില്പശാല സംഘടിപ്പിക്കുന്നത്.

ഗുണത്തിലും നിലവാരത്തിലും ഉന്നതവിദ്യാഭ്യാസ മേഖലയുടെ വൻ കുതിപ്പിനുള്ള നിർദ്ദേശസമാഹരണമാണ് ശിൽപശാലയിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്ന് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു.

28ന് രാവിലെ 10.30ന് ആരംഭിക്കുന്ന ഉദ്ഘാടന സെഷനിൽ സംസ്ഥാന ആസൂത്രണ ബോർഡ് ഉപാധ്യക്ഷൻ ഡോ. വി കെ രാമചന്ദ്രൻ 'സംസ്ഥാന പദ്ധതിയിലെ പ്രധാനശ്രദ്ധ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. വിവിധ വിഷയങ്ങളിൽ ചീഫ് സെക്രട്ടറി ഡോ. വി പി ജോയ് ('സർക്കാരിന്റെ മുൻഗണനകൾ'), മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ എം അബ്രഹാം ('അടിയന്തിര വികസനാവശ്യം'), ഉന്നത വിദ്യാഭ്യാസ കൗൺസിൽ അദ്ധ്യക്ഷൻ ഡോ. രാജൻ ഗുരുക്കൾ ('അക്കാദമിക പ്രവർത്തനപദ്ധതി') എന്നിവർ പ്രഭാഷണം നടത്തും. ഉന്നതവിദ്യാഭ്യാസ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വേണു സ്വാഗതവും, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ് നന്ദിയും പറയും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.